بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ   نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ   وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

ലക്കം 10

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മാർച്ച് 08/ഹി:ശം:1397 അമാൻ 08/ഹി:ഖ:1439 ജമാദുൽ ആഖിർ 19

## അല്ലാഹുവിന്റെ വചനം

وَاَقِیۡمُوا الصَّلٰوۃَ وَاٰتُوا الزَّکٰوۃَ ؕ وَمَا تُقَدِّمُوۡا لِاَنۡفُسِکُمۡ مِّنۡ خَیۡرٍ تَجِدُوۡہُ عِنۡدَ اللّٰہِ ؕ اِنَّ اللّٰہَ بِمَا تَعۡمَلُوۡنَ بَصِیۡرٌ ○ (سورۃ البقرہ :111)

*വ അഖീമുസ്സ്വലാത്ത വ ആത്തുസ്സക്കാത്ത വമാ തുഖദ്ദിമൂ ലിഅൻഫുസിക്കും മ്മിൻ ഖയ്രിൻ തജിദൂഹു ഇൻദല്ലാഹി ഇന്നല്ലാഹ ബിമാ തഅ്മലൂന ബസ്വീർ*

നമസ്കാരം നിലനിറുത്തുകയും സക്കാത്ത് നല്കുകയും ചെയ്യുക. നിങ്ങൾ എന്തെങ്കിലും നന്മ നിങ്ങൾക്കായി മുൻകൂട്ടി ചെയ്തുവെക്കുന്നതായാൽ അല്ലാഹുവിങ്കൽ നിങ്ങൾ അത് കണ്ടെത്തുന്നതാണ്. നിശ്ചയമായും നിങ്ങൾ ചെയ്യുന്നതെല്ലാം അല്ലാഹു നല്ല വണ്ണം കണ്ടുകൊണ്ടിരിക്കുന്നു.(2:111)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**ഞാൻ എന്റെ പ്രകാശപ്പൊലിമ കാണിക്കും. എന്റെ ദിവ്യശക്തിപ്രഭാവംകൊണ്ട് നിന്നെ ഉയർത്തുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ, അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നതാണ്. അല്ലാഹു തന്റെ പ്രഭാവംകൊണ്ട് മാത്രം ജമാഅത്ത് സ്ഥാപിച്ചുവെന്നതിൽ എന്താണ് സംശയം? ഇല്ലെങ്കിൽ ഇത്രമാത്രം സാമൂഹികമായ എതിർപുണ്ടായിട്ടും ഇത്രവേഗം ലക്ഷക്കണക്കിന് മനുഷ്യർ എന്റെ കൂടെ ഉണ്ടാകുക എന്നത് അസാധ്യമായ കാര്യമായിരുന്നു.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 111:** ബറാഹീനെ അഹ്മദിയ്യായിൽ ഇങ്ങനെ പ്രവചനമുണ്ട്: ‘ഞാൻ എന്റെ പ്രകാശപ്പൊലിമ കാണിക്കും. എന്റെ ദിവ്യശക്തി പ്രഭാവംകൊണ്ട് നിന്നെ ഉയർത്തുന്നതാണ്. ലോകത്ത് ഒരു താക്കീതുകാരൻ വന്നു. ലോകം അദ്ദേഹത്തെ സ്വീകരിച്ചില്ല. പക്ഷേ അല്ലാഹു അദ്ദേഹത്തെ സ്വീകരിക്കും. വലിയ ശക്തിമത്തായ ആക്രമണങ്ങളാൽ അദ്ദേഹത്തിന്റെ സത്യത വെളിപ്പെടുത്തുന്നതാണ്.’ ഈ പ്രവചനമുണ്ടായിട്ട് 25 വർഷം കഴിഞ്ഞു. ഞാനൊന്നുമല്ലാതിരുന്ന കാലത്തുള്ള പ്രവചനമാണിത്. ഈ പ്രവചനത്തിന്റെ ചുരുക്കമിതാണ്. ബാഹ്യവും ആഭ്യന്തരവുമായ ശക്തമായ എതിർപ്പുകാരണത്താൽ ഈ ജമാഅത്ത് സ്ഥാപിതമാകുമെന്നതിന് ബാഹ്യമായ ഒരു പ്രതീക്ഷയും ഉണ്ടാകുകയില്ല. പക്ഷേ, അല്ലാഹു തന്റെ തിളക്കമാർന്ന അടയാളങ്ങളാൽ ലോകത്തെ ഈ ഭാഗത്തേക്ക് വലിച്ചെടുക്കുന്നതായിരിക്കും. എന്നെ സാക്ഷ്യപ്പെടുത്തുന്നതിനുവേണ്ടി ശക്തിമത്തായ ആക്രമണങ്ങൾ കാണിക്കുന്നതായിരിക്കും. ഈ ആക്രമണങ്ങളിലൊന്ന് പ്ലേഗാണ്. അതിനെക്കുറിച്ച് ഒരുകാലം മുമ്പേ വിവരം അറിയിക്കപ്പെട്ടിരുന്നു. അതേ ആക്രമണങ്ങളിൽ ഭൂകമ്പങ്ങളുമുണ്ട്. അത് ലോകത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്നു. പിന്നീട് എന്തെന്തൊക്കെ ആക്രമണങ്ങൾ ഉണ്ടാകുമെന്ന് അറിയില്ല. ഈ പ്രവചനത്തിൽ വിവരിക്കപ്പെട്ടതുപോലെ അല്ലാഹു തന്റെ പ്രഭാവംകൊണ്ട് മാത്രം ജമാഅത്ത് സ്ഥാപിച്ചുവെന്നതിൽ എന്താണ് സംശയം? ഇല്ലെങ്കിൽ ഇത്രമാത്രം സാമൂഹികമായ എതിർപുണ്ടായിട്ടും ഇത്രവേഗം ലക്ഷക്കണക്കിന് മനുഷ്യർ എന്റെ കൂടെ ഉണ്ടാകുക എന്നത് അസാധ്യമായ കാര്യമായിരുന്നു. എതിരാളികൾ ഒരുപാട് ശ്രമിച്ചു. എന്നാൽ, അല്ലാഹുവിന്റെ തീരുമാനത്തിന്നെതിരിൽ ഒന്നും നടന്നില്ല.

**ദൃഷ്ടാന്തം 112:** കുറച്ചു പൈതൃകമായ സ്വത്തിനെ സംബന്ധിച്ച് നമ്മുടെ ഒരു കേസ് ഗുരുദാസ്പൂർ ജില്ലയിലെ ബട്ടാല താലൂക്കിലുണ്ടായിരുന്നു. ഈ കേസിൽ വിജയിക്കുമെന്ന് സ്വപ്നത്തിൽ പറയപ്പെട്ടു. ഞാൻ ഈ സ്വപ്നം പലരോടും പറഞ്ഞു. അവരെക്കൂടാതെ എന്റെ അടുത്ത് വന്നുംപോയുമിരുന്ന ഒരു ഹിന്ദുവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ പേര് ശരംപത്ത് എന്നായിരുന്നു. അയാൾ ജീവിച്ചിരിപ്പുണ്ട്. ഈ കേസിൽ നാം വിജയിക്കുമെന്ന് അദ്ദേഹത്തോടും ഞാൻ പറഞ്ഞിരുന്നു. കേസ് പറയേണ്ടുന്ന ദിവസം ഞങ്ങളിൽപെട്ട ആരും ഹാജരായിരുന്നില്ല. എതിർകക്ഷി അവർ പതിനഞ്ചോ പതിനാറോ പേർ ഹാജരായിരുന്നു. അസ്റിന്റെ നേരത്ത് അവരെല്ലാവരും ചന്തയിൽ വന്നിട്ട് കേസ് തള്ളിപ്പോയെന്ന് പറയാൻ തുടങ്ങി. അപ്പോൾ ശരംപത്ത് മസ്ജിദിൽ എന്റെയടുത്ത് ഓടിയെത്തി പരിഹാസരൂപേണ നിങ്ങളുടെ കേസ് തള്ളിപ്പോയെന്ന് പറയുകയും ചെയ്തു. ആരാണ് പറഞ്ഞതെന്ന് ഞാൻ ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ‘എല്ലാ പ്രതികളും വന്നുകഴിഞ്ഞിരിക്കുന്നു. അവർ ചന്തയിൽ നടന്ന് ഇത് പറയുന്നുണ്ട്.’ ഇതുകേട്ടപാടെ ഞാൻ ആശ്ചര്യപ്പെട്ടു. കാരണം പറഞ്ഞു നടക്കുന്നവർ 15 പേരിൽ കുറവായിരുന്നില്ല. അവരിൽ ചിലർ മുസ്‌ലിംകളും ചിലർ ഹിന്ദുക്കളുമായിരുന്നു. അപ്പോൾ എനിക്കുണ്ടായ ചിന്തയും ദുഃഖവും വിവരണാതീതമായിരുന്നു. ആ ഹിന്ദു ഇക്കാര്യം പറഞ്ഞ് അതീവസന്തോഷത്തോടെ ചന്തയിലേക്കു പോയി; ഇസ്‌ലാമിന്റെ മേൽ ആക്രമണം നടത്താൻ തനിക്കൊരു അവസരം കിട്ടി എന്ന ഭാവേന. എന്നാൽ, എന്റെ അവസ്ഥ വിവരിക്കാൻ ഞാൻ അശക്തനായിരുന്നു. അത് അസ്റിന്റെ നേരമായിരുന്നു. ഞാൻ മസ്ജിദിന്റെ ഒരു കോണിലിരുന്നു. ‘വിജയിക്കുമെന്നുള്ള പ്രവചനം എത്ര ശക്തമായിട്ടു പറഞ്ഞതാണ്, പക്ഷേ, കളവായി പുലർന്നു’ എന്നു പറഞ്ഞു എന്നെന്നും ഇവർ നടക്കുമല്ലോ എന്നോർത്ത് മനസ്സ് വല്ലാതെ വിഷമിച്ചു. ഇത്രയുമായപ്പോൾ ഒരു അശരീരി മുഴങ്ങിക്കേട്ടു. വെളിയിൽനിന്ന് ആരോ പറയുന്നതുപോലെ ഉച്ചത്തിലായിരുന്നു അത്. അശരീരിയുടെ വാക്ക് ഇതായിരുന്നു. ‘വിജയിച്ചിരിക്കുന്നു; മുസൽമാനാണ്! നീ വിശ്വസിക്കുന്നില്ലേ?’ അപ്പോൾ ഞാനെഴുന്നേറ്റ് മസ്ജിദിന്റെ നാലുപാടും നോക്കി. അവിടെയെങ്ങും ആരേയും കണ്ടില്ല. അത് മലക്കിന്റെ ശബ്ദമാണെന്ന് ദൃഢവിശ്വാസമായി. ഞാൻ ആ ഹിന്ദുവിനെ ഉടനെ വിളിപ്പിച്ചു. മലക്കിന്റെ ശബ്ദത്തെ കുറിച്ച് അയാളോടു പറഞ്ഞു. എന്നാൽ, അയാൾക്ക് വിശ്വാസം വന്നില്ല. രാവിലെ ഞാൻ നേരിട്ട് ബട്ടാലയിലെ താലൂക്ക് ഓഫീസിൽ പോയി. തഹസിൽദാർ ഹാഫിള് ഹിദായത്ത് അലി എന്നു പേരുള്ള വ്യക്തിയായിരുന്നു. അപ്പോൾ അദ്ദേഹം ഓഫീസിൽ എത്തിയിരുന്നില്ല. അദ്ദേഹത്തിന്റെ ഗുമസ്തൻ മധുർ ഉദാസ് എന്നു പേരുള്ള ഒരു ഹിന്ദു അവിടെ ഉണ്ടായിരുന്നു. ഞങ്ങളുടെ കേസ് തള്ളിയോ? എന്ന് ഞാൻ അയാളോടു ചോദിച്ചു. ഇല്ല, കേസ് വിജയിച്ചിരിക്കുന്നുവെന്ന് അയാൾ പറഞ്ഞു. എതിർകക്ഷി ഖാദിയാനിൽവന്ന് കേസ് തള്ളിപ്പോയെന്ന് പ്രചരിപ്പിക്കുന്നുണ്ടെന്ന് ഞാൻ പറഞ്ഞു. അയാൾ പറഞ്ഞു: ‘ഒരു വിധത്തിൽ പറഞ്ഞാൽ അവർ പറഞ്ഞതും സത്യമാണ്. കാര്യമെന്താണെന്നാൽ, തഹ്സിൽദാർ വിധിയെഴുതുകയായിരുന്നപ്പോൾ ഞാനൊരു അത്യാവശ്യ കാര്യത്തിനുവേണ്ടി അതിന്റെ വിചാരണവേളയിൽനിന്ന് എഴുന്നേറ്റു വെളിയിൽ പോയിരുന്നു. തഹ്സിൽദാർ പുതിയ ആളായിരുന്നു. അദ്ദേഹത്തിന് കേസിന്റെ മുമ്പും പിമ്പും അറിവുണ്ടായിരന്നില്ല. എതിർകക്ഷി ഒരുവിധി അദ്ദേഹത്തിന്റെ മുമ്പിൽ സമർപ്പിച്ചു. അതിൽ ഭൂമി പാട്ടത്തിനെടുത്ത ആൾക്ക് ഉടമസ്ഥന്റെ അനുവാദം കൂടാതെ അവരവരുടെ വയലുകളിൽനിന്ന് മരം മുറിക്കാനുള്ള അധികാരം നല്കപ്പെട്ടിരുന്നു. തഹ്സിൽദാർ ആ വിധി കണ്ടുകൊണ്ട് കേസ് തള്ളി. അവരെ പറഞ്ഞുവിടുകയും ചെയ്തു. ഞാൻ വന്നപ്പോൾ ആ വിധി ഫയൽ ചെയ്യുന്നതിനുവേണ്ടി തഹ്സിൽദാർ എനിക്ക് നല്കി. ഞാൻ അത് വായിച്ചപ്പോൾ അങ്ങ് വലിയൊരു തെറ്റാണ് ചെയ്തിരിക്കുന്നതെന്ന് തഹ്സിൽദാറിനോടു പറഞ്ഞു. കാരണം ഏതൊരു വിധിയുടെ അടിസ്ഥാനത്തിലാണോ താങ്കൾ ഈ കല്പന എഴുതിയത്.

(ശേഷം പേജ് 12ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദർ ബോർഡ്,ഖാദിയാൻ

**ഓഫീസിനു വെളിയിലുള്ള ജമാഅത്തുപരമായ ജോലികൾക്ക് പുറമെ മുറബ്ബിമാർ ദിവസം മുഴുവൻ തങ്ങളുടെ ഓഫീസിൽത്തന്നെ ഇരിക്കേണ്ടതാണ്. ഇക്കാര്യം തദ്ദേശ അഹ്മദികൾക്ക് വളരെ പ്രാധാന്യമുള്ളതാണ്; അവർക്ക് തങ്ങളുടെ മുറബ്ബിമാരെ ഏതു സമയത്തും കാണാൻ കഴിയണം.'**

**നിങ്ങൾ ഒരിക്കലും സമയം പാഴാക്കിക്കളയരുത്. നിങ്ങളുടെ അറിവിൽ വർധന ഉണ്ടാക്കുക. പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുക. വീണ്ടും വായിക്കുക. The Essence Of Islam വായിക്കുക. ജാമിഅയിൽനിന്നിറങ്ങിയതിനുശേഷം താൻ ആലിമായി എന്ന് മനസ്സിലാക്കുന്നവൻ തെറ്റിലാണുള്ളത്.**

**അല്ലാഹു നിങ്ങളുടെ ഓരോ ചുവടും ഓരോ പ്രവൃത്തിയും നോക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ചുമതലകളെ വിശ്വസ്തതയോടും സത്യസന്ധതയോടുംകൂടി നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുക.**

# മുറബ്ബിമാർക്ക് അമീറുൽ മുഅ്മിനീന്റെ സുപ്രധാന ഉപദേശങ്ങൾ

**(ആബിദ് വഹീദ്ഖാൻ സാഹിബിന്റെ വ്യക്തിപരമായ ഡയറിയിൽനിന്നുള്ള ഒരു ഹ്രസ്വറിപ്പോർട്ട്)**

## ഹുദൂറുമായുള്ള മീറ്റിംഗ്:

2016 ആഗസ്ത് 21-ന് അമേരിക്കയുമായി ബന്ധം വെക്കുന്ന യുവമുറബ്ബിമാർ അടങ്ങിയ ഒരു സംഘത്തിന്റെ കൂടിക്കാഴ്ച ഹുദൂറുമായി നടന്നു. ഈ എല്ലാ മുറബ്ബിമാരും കനഡ ജാമിഅ അഹ്മദിയ്യായിൽനിന്ന് പഠനം പൂർത്തിയാക്കിയവരാണ്. ഈ വർഷം യു.കെ. ജൽസ സാലാനയിൽ പങ്കെടുക്കണമെന്ന് അവരോടു നിർദ്ദേശിച്ചിരുന്നു.

ഹുദൂർ മുറബ്ബിമാരെ എത്രയേറെയാണ് സ്നേഹിക്കുന്നതെന്ന് മീറ്റിംഗിന്നിടയിൽ ഞാൻ കണ്ടു. ഹുദൂർ അൻവർ അവർക്ക് ഒരു മണിക്കൂറിലധികം സമയം നല്കി; അവരുടെ മനസ്സിലുള്ള ചോദ്യങ്ങൾ ചോദിക്കാനും, എന്തെങ്കിലും പ്രശ്നമോ അല്ലെങ്കിൽ എന്തെങ്കിലും പ്രയാസങ്ങളോ അവർക്കുണ്ടെങ്കിൽ ഹുദൂറിനോടു തുറന്നു സംസാരിക്കാനുമായിരുന്നു ഇത്. ഹുദൂർ അവർക്ക് മാർഗനിർദ്ദേശങ്ങൾ കൊടുത്തു, അവരെങ്ങനെയാണ് പ്രവർത്തിക്കേണ്ടതെന്നതിനെ സംബന്ധിച്ച് ഉപദേശവും നൽകി.

★ നമസ്കാരത്തെ ഉദ്ധരിച്ചുകൊണ്ട് ഹുദൂർ പറഞ്ഞു: 'സുബ്ഹി നമസ്കാരം മസ്ജിദിൽ അനുഷ്ഠിക്കുവാൻ ജമാഅത്തംഗങ്ങളെ നിങ്ങൾ ഉപദേശിക്കേണ്ടതാണ്; പ്രത്യേകിച്ചും മസ്ജിദിന്നടുത്ത് താമസിക്കുന്നവരോട്. ഏതെല്ലാം വ്യക്തികളുടെ വണ്ടികളിലാണ് സ്ഥലമുള്ളതെന്നും അവരിൽ ആർക്കാണ് മറ്റുള്ളവരെ നമസ്കാരത്തിന് കൊണ്ടുവരാൻ കഴിയുന്നതെന്നും നിങ്ങൾ നോക്കേണ്ടതാണ്.'

★ മറ്റൊരു മുറബ്ബിയോടു ഹുദൂർ പറഞ്ഞു: 'ആരും സുബ്ഹിനമസ്കാരത്തിന് മസ്ജിദിൽ വരുന്നില്ലെങ്കിൽത്തന്നെയും നിങ്ങൾ മസ്ജിദിൽ പോകുകയും മസ്ജിദിന്റെ വാതിലുകൾ തുറക്കുകയും നിങ്ങളുടെ നമസ്കാരം മസ്ജിദിൽ അനുഷ്ഠിക്കുകയും ചെയ്യുക. നിങ്ങൾ തീർച്ചയായും മറ്റുള്ളവർക്ക് മാതൃകയാകേണ്ടതാണ്.'

★ഹുദൂർ പറഞ്ഞു: 'ഓഫീസിനു വെളിയിലുള്ള ജമാഅത്തുപരമായ ജോലികൾക്ക് പുറമെ മുറബ്ബിമാർ ദിവസം മുഴുവൻ തങ്ങളുടെ ഓഫീസിൽത്തന്നെ ഇരിക്കേണ്ടതാണ്.' ഹുദൂർ പറഞ്ഞു: 'ഇക്കാര്യം തദ്ദേശ അഹ്മദികൾക്ക് വളരെ പ്രാധാന്യമുള്ളതാണ്; അവർക്ക് തങ്ങളുടെ മുറബ്ബിമാരെ ഏതു സമയത്തും കാണാൻ കഴിയണം.'

★ മുറബ്ബിമാർക്ക് പൊതുവെ നിർദ്ദേശങ്ങൾ നല്കിക്കൊണ്ട് ഹുദൂർ പറഞ്ഞു: 'നിങ്ങൾക്ക് ഏറ്റവും കുറഞ്ഞത് മൂന്നുമാസത്തിനുമുമ്പേ നിങ്ങളുടെ പ്രവർത്തനങ്ങൾക്ക് അന്തിമരൂപം നല്കേണ്ടതാണ്. നിങ്ങൾ സന്ദർശിക്കേണ്ട ജമാഅത്തുകൾക്ക് ആവർത്തിച്ചാവർത്തിച്ച് നോട്ടീസ് നല്കേണ്ടതാണ്; അവരും ശരിയായ പദ്ധതിയോടുകൂടി പരിപാടികൾക്ക് തയ്യാറാകാൻ. അവസാനം അവർക്കുതന്നെയായിരിക്കും അതുകൊണ്ട് നേട്ടമുണ്ടാകുന്നത്. തദ്ദേശ ജമാഅത്തുകളോടു പറയാതെ അവിടെ പരിശോധിക്കാൻ പോകുന്നതിനായിട്ടല്ല നിങ്ങളെ ജമാഅത്തുകളിൽ അയക്കുന്നത്. മറിച്ച്, അവരുടെ തർബിയ്യത്തിനും, അവർക്ക് വഴി കാണിക്കുന്നതിനും അവരെ സഹായിക്കുന്നതിനുമാണ് അവിടെ അയക്കുന്നത്.'

★ ഹുദൂർ പറഞ്ഞു: 'മുറബ്ബി എന്ന നിലയിൽ നിങ്ങൾ ഒരിക്കലും സമയം പാഴാക്കിക്കളയരുത്. നിങ്ങളുടെ പക്കൽ അധിക സമയമുണ്ടെങ്കിൽ ഏതെങ്കിലും നിർമാണ പ്രവൃത്തിയിൽ ചെലവഴിക്കേണ്ടതാണ്. കുറച്ചു വായിക്കുക, നിങ്ങളുടെ അറിവിൽ വർധന ഉണ്ടാക്കുക. പ്രത്യേകിച്ചും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കുക. വീണ്ടും വായിക്കുക. The Essence Of Islam വായിക്കുക. വ്യക്തിപരമായ വായനയില്ലെങ്കിൽ മുമ്പേ അറിയുമായിരുന്ന കാര്യങ്ങളും നിങ്ങൾ മറന്നുപോകും. ജാമിഅയിൽനിന്നിറങ്ങിയതിനുശേഷം താൻ ആലിമായി എന്ന് മനസ്സിലാക്കുന്നവൻ തെറ്റിലാണുള്ളത്.

★ ഒരു മുറബ്ബി ഹുദൂറിനോടു പറഞ്ഞു: ജാമിഅ അഹ്മദിയ്യ ബ്രിട്ടനിലെ വിദ്യാർഥികൾക്കും വിദ്യാഭ്യാസം പൂർത്തിയാക്കിയ മുറബ്ബിമാർക്കും ഹുദൂറിനോടു ഒരു പ്രത്യേക ബന്ധമുണ്ട്. അവർ മറ്റു രാജ്യങ്ങളിൽ നിന്നുള്ള പഠനം പൂർത്തിയാക്കിയ മുറബ്ബിമാരെ അപേക്ഷിച്ച് ഹുദൂറുമായി കൂടുതലും പതിവായിട്ടുള്ളതുമായ കൂടിക്കാഴ്ച കരസ്ഥമാക്കിയിരിക്കുന്നു.

ഹുദൂർ പറഞ്ഞു: ഈ മുറിയിലും ജാമിഅ അഹ്മദിയ്യാ കനഡയിൽനിന്ന് പഠനം പൂർത്തിയാക്കിയ ചില മുറബ്ബിമാർ ഇരിപ്പുണ്ട്. അവരുമായി എനിക്ക് പ്രത്യേക ബന്ധമുണ്ട്. നിങ്ങളിൽ ചിലർ എനിക്ക് വ്യക്തിപരമായി മുടങ്ങാതെ എഴുതാറുണ്ട്. ചിലരാണെങ്കിൽ പതിവായി എഴുതാത്തവരുമാണ്.

മീറ്റിംഗ് തുടർന്നുകൊണ്ടിരുന്നു. ഒരു അവസരത്തിൽ ഹുദൂർ വളരെ മനോഹരമായ നിലയിൽ പറഞ്ഞു: നിങ്ങൾക്കു ഞാനുമായി വ്യക്തിപരമായ ബന്ധമുണ്ടെങ്കിലും ഇല്ലെങ്കിലും, ഞാൻ നിങ്ങൾ എല്ലാവർക്കും ദുആ ചെയ്യുന്നുണ്ടെന്ന് എപ്പോഴും ഓർക്കേണ്ടതാണ്.

**കനഡ മുറബ്ബിമാരുമായി ഹുദൂറിന്റെ മീറ്റിംഗ്:**

അന്നേദിവസം അപരാഹ്നത്തിൽ കനഡ ജാമിഅ അഹ്മദിയ്യായിൽനിന്ന് 2016-ൽ പഠനം പൂർത്തിയാക്കിയ മുറബ്ബിമാരുമായി ഹുദൂറിന്റെ കൂടിക്കാഴ്ച നടന്നു. ഈ മുറബ്ബിമാർ ഹുദൂറിന്റെ നിർദ്ദേശപ്രകാരം ആഫ്രിക്കയിൽ പോകുന്നവരാണ്; അവർ അവിടെത്തെ തദ്ദേശ ജമാഅത്തുകളിൽ പോകുകയും കുറച്ചാഴ്ചകൾ ശിക്ഷണം കരസ്ഥമാക്കുകയും ചെയ്യുന്നതിനുവേണ്ടി.

★ ഹുദൂർ മൊത്തത്തിൽ മുറബ്ബിമാർക്ക് നിർദ്ദേശം നല്കിക്കൊണ്ട് പറഞ്ഞു: 'ഇന്നത്തെ ഈ കൂടിക്കാഴ്ചയുടെ അടിസ്ഥാനപരമായ ലക്ഷ്യം നിങ്ങളെ പരിചയപ്പെടുക എന്നതാണ്. എന്നാൽ, നിങ്ങൾ അടുത്തുതന്നെ ആഫ്രിക്കയിൽ പോകുന്നവരാണ്. അതുകൊണ്ട് ചില ഉപദേശങ്ങൾ നിങ്ങൾക്ക് നല്കാൻ ഞാനാഗ്രഹിക്കുന്നു. ഓർമിക്കുക! നിങ്ങൾ ആഫ്രിക്കയിലെ ജനങ്ങളുമായി പ്രീതിയോടും സ്നേഹത്തോടും പെരുമാറുകയാണെങ്കിൽ അവർ നിങ്ങൾക്കുവേണ്ടി മരിക്കാൻപോലും തയ്യാറാകും. എന്നാൽ, നിങ്ങൾ ഏതെങ്കിലും തരത്തിലുള്ള അധികാരം കാണിക്കുകയാണെങ്കിൽ അവർ നിങ്ങളോടൊപ്പം ഉണ്ടാകുകയില്ല. അവർ ദ്വേഷപ്പെടുന്നതാണ്.'

ഹുദൂർ വീണ്ടും പറഞ്ഞു: 'നിങ്ങൾ ദൂരത്തുള്ള ഏതെങ്കിലും (ശേഷം പേജ് 12ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**സൂറ: മുഅ്മിനിലെ ആദ്യത്തെ നാലു വചനവും ആയത്തുൽ കുർസിയും രാവിലേയും വൈകുന്നേരവും പാരായണം ചെയ്യുന്നവർക്ക് നബി(സ)തിരുമേനി അറിയിച്ചിട്ടുള്ള സുവർത്തയെ സംബന്ധിച്ച ചർച്ച; അത്തരം വ്യക്തി അല്ലാഹുവിന്റെ സംരക്ഷണത്തിലായിരിക്കും.**

**ഖുർആൻ ഹദീഥ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങളുടെ വെളിച്ചത്തിൽ ജ്ഞാനനിർഭരമായ വ്യാഖ്യാനവും അതിന്റെ വെളിച്ചത്തിൽ ജമാഅത്തംഗങ്ങൾക്ക് ഉപദേശവും.**

**ഈ വചനങ്ങൾ പാരായണം ചെയ്യണമെന്ന് നബിതിരുമേനി(സ)പറയുമ്പോൾ അത് ഓതുന്നതു കൊണ്ടു മാത്രം കാര്യമായില്ല; കർമപരമായ അവസ്ഥയും മെച്ചപ്പെടുത്തേണ്ടതാണ്.**

**ഈ ആയത്തുകളിൽ പ്രതിപാദിക്കപ്പെട്ട അല്ലാഹുവിന്റെ സവിശേഷ ഗുണങ്ങളുടെ വിഷയത്തെ സംബന്ധിച്ചുള്ള ആസ്വാദ്യകരമായ വിവരണവും ആ സവിശേഷ ഗുണങ്ങളുടെ കൃപകരസ്ഥമാക്കുന്നതിനുള്ള രീതിയിലേക്ക് മാർഗദർശനവും.**

**തൗബ, ഇസ്തിഗ്ഫാർ, ശഫാഅത്ത് വിഷയങ്ങളുടെ യാഥാർഥ്യത്തിന്റെ ചർച്ച**

**ഈ ആയത്തുകൾ കേവലം ഓതിയാൽ മാത്രം പോര. മറിച്ച് അതിലെ വിഷയങ്ങളിൽ ചിന്തിച്ച് ഇക്കാര്യങ്ങൾ സ്വായത്തമാക്കേണ്ട ആവശ്യമുണ്ട്. നബി(സ)തിരുമേനി ഈ ആയത്തുകളെ കുറിച്ച് പറഞ്ഞിട്ടുള്ളതിന്റെ ഉള്ളറിവും ഗ്രാഹ്യവും കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്. വിശുദ്ധ ഖുർആൻ പലസ്ഥലത്തും അത് വിശദീകരിച്ചിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അതിനെ തുറന്ന് നമ്മുടെ മുമ്പിൽവച്ചു. ഇക്കാര്യങ്ങൾ ഉണ്ടെങ്കിൽ മനുഷ്യൻ അല്ലാഹുവിന്റെ കൃപയാൽ അവന്റെ സംരക്ഷണത്തിൽ ഇരിക്കന്നതായിരിക്കും. അല്ലാഹു അതനുസരിച്ച് ജീവിക്കാൻ നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ.**

**നവാബ് ശായിലെ പ്രൊഫസർ അബ്ദുൽഖാദിൽ ഡാഹരിയുടെ ഭാര്യ ആബിദ ബീഗം സാഹിബയുടെ വഫാത്തും അനുസ്മരണവും ജനാസാ ഗാഇബും**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ഫെബ്രുവരി 2/ 1397 തബ്ലീഗ് 2**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ - اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

حٰمٓ ○ تَنْزِيْلُ الْكِتٰبِ مِنَ اللّٰهِ الْعَزِيْزِ الْعَلِيْمِ ○ غَافِرِ الذَّنْۢبِ وَقَابِلِ التَّوْبِ شَدِيْدِ الْعِقَابِ ۙ ذِى الطَّوْلِ ؕ لَآ إِلٰهَ إِلَّا هُوَ ؕ إِلَيْهِ الْمَصِيْرُ ○ (المومن:2 تا 4)

اَللّٰهُ لَآ إِلٰهَ إِلَّا هُوَ ۚ اَلْحَيُّ الْقَيُّوْمُ ۚ لَا تَأْخُذُهٗ سِنَةٌ وَّلَا نَوْمٌ ؕ لَهٗ مَا فِى السَّمٰوٰتِ وَمَا فِى الْأَرْضِ ؕ مَنْ ذَا الَّذِىْ يَشْفَعُ عِنْدَهٗٓ إِلَّا بِإِذْنِهٖ ؕ يَعْلَمُ مَا بَيْنَ أَيْدِيْهِمْ وَمَا خَلْفَهُمْ ۚ وَلَا يُحِيْطُوْنَ بِشَىْءٍ مِّنْ عِلْمِهٖٓ إِلَّا بِمَا شَآءَ ۚ وَسِعَ كُرْسِيُّهُ السَّمٰوٰتِ وَالْأَرْضَ ۚ وَلَا يَـُٔوْدُهٗ حِفْظُهُمَا ۚ وَهُوَ الْعَلِيُّ الْعَظِيْمُ ○ (البقرة:256)

സൂറ: മുഅ്മിനിലെ ഒന്നു മുതൽ നാലുവരെയുള്ള വചനങ്ങളും സൂറ: അൽബഖറയിലെ 256ാമത്തെ വചനവും പാരായണം ചെയ്തു അവയുടെ അർഥം ഇപ്രകാരമാണ്.

ഈ ആയത്തുകളുടെ തർജമ ഇപ്രകാരമാണ്: "ഗ്രന്ഥത്തിന്റെ അവതരണം പ്രതാപവാനും സർവജ്ഞനുമായ അല്ലാഹുവിൽ നിന്നാകുന്നു. പാപം പൊറുക്കുന്നവനും പശ്ചാത്താപം സ്വീകരിക്കുന്നവനും കഠിനമായി ശിക്ഷിക്കുന്നവനും ഔദാര്യമുടയവനുമത്രേ അവൻ. അവനല്ലാതെ ഒരാരാധ്യനുമില്ല. അവനിലേക്കാണ് അന്തിമ മടക്കം."(40:2-4)

രണ്ടാമത്തെ വചനം ആയത്തുൽ കുർസിയാണ്. അതിന്റെ അർഥം ഇപ്രകാരമാണ്: "അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനുമില്ല. അവൻ എന്നെന്നും ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും എല്ലാത്തിനേയും നിലനിറുത്തുന്നവനുമാകുന്നു. മയക്കമോ ഉറക്കമോ അവനെ ബാധിക്കുകയില്ല. ആകാശങ്ങളിലും ഭൂമിയിലുമുള്ളതെല്ലാം അവന്റേതാകുന്നു. അവന്റെ അനുമതി കൂടാതെ അവന്റെയടുക്കൽ ശിപാർശ ചെയ്യുന്നവൻ ആരുണ്ട്? അവരുടെ മുമ്പിലുള്ളതും പിമ്പിലുള്ളതും അവൻ അറിയുന്നു. അവന്റെ അറിവിൽനിന്ന് അവൻ ഉദ്ദേശിച്ചതല്ലാതെ ഒന്നും അവർ പ്രാപിക്കുന്നില്ല. അവന്റെ സിംഹാസനം ആകാശങ്ങളിലും ഭൂമിയിലും വ്യാപിച്ചു നില്ക്കുന്നു. അവയുടെ സംരക്ഷണം അവനെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനും മഹാനുഭാവനുമാകുന്നു."(2:256) മുഅ്മിൻ എന്ന അധ്യായത്തിലെ ആദ്യത്തെ നാലു വചനങ്ങളാണ് ഇത്. ബിസ്മില്ലാഹ് ഉൾപ്പെടെയാണ് ഈ നാലു വചനങ്ങൾ. ഒരു വചനം ഞാൻ പറഞ്ഞതുപോലെ ആയത്തുൽ കുർസിയാണ്. അത് ബഖറ അധ്യായത്തിലെ വചനമാണ്.

അല്ലാഹുവിന്റെ ചില വിശേഷഗുണങ്ങളെ കുറിച്ചാണ് ഈ വചനങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നത്. അല്ലാഹുവിന്റെ മഹത്ത്വവും ശ്രേഷ്ഠതയും വിവരിക്കപ്പെട്ടിരിക്കുന്നു. ഹദീഥുകളിൽനിന്ന് ഈ വചനങ്ങളുടെ പ്രാധാന്യത്തെ സംബന്ധിച്ച നിർദേശം കിട്ടുന്നുണ്ട്. ഹദ്റത്ത് അബൂ ഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) തിരുമേനി പറഞ്ഞു: "ഹാമീം തൊട്ട് ഇലൈഹിൽ മസ്വീർ വരെയുള്ള ഭാഗവും ആയത്തുൽ കുർസിയും പ്രഭാതസമയം പാരായണം ചെയ്യുന്നവൻ പ്രദോഷംവരെ അവ മുഖേന പരിരക്ഷിക്കപ്പെടുന്നതാണ്. ഇവ രണ്ടിനെയും പ്രദോഷത്തിൽ പാരായണം ചെയ്യുന്നവൻ അവ മുഖേന പ്രഭാതം വരെയും സംരക്ഷിക്കപ്പെടുന്നതാണ്."(സുനനുത്തുർമുദി അബ്വാബു ഫളാഇലുൽ ഖുർആൻ ഹദീഥ് 2879)

സൂറത്ത് അൽ മുഅ്മിനിലെ രണ്ടാമത്തെ വചനമാണ് ഹാംമീം. ആദ്യത്തെ വചനം ബിസ്മില്ലാഹ്ർറഹ്മാനിർറഹീം ആകുന്നു. മുഖത്തആത്ത് അഥവാ സംക്ഷേപസംജ്ഞകളാ(ചുരുക്കാക്ഷരങ്ങൾ)ണിവ. ഇവിടെ പറഞ്ഞിരിക്കുന്ന ഹാമീം എന്നത് ഹമീദ്, മജീദ് എന്നീ പദങ്ങളെയാണ് കുറിക്കുന്നത്. സ്തുത്യർഹൻ, യഥാർഥ സ്തുതി ഏറ്റവും യോജിക്കുന്നവൻ എന്നൊക്കെയാണ് ഹമീദ് എന്ന പദത്തിനർഥം. അതായത്, സർവസ്തുതിക്കും അനുയോജ്യൻ അല്ലാഹു മാത്രമാണ്.

ഹംദ് എന്ന പദത്തെ വിശദീകരിച്ചു കൊണ്ട് വാഗ്ദത്ത മസീഹ്(അ) പറയുന്നു: 'സ്തുതിക്ക് അർഹനായ വ്യക്തിയുടെ പ്രശംസനീയമായ പ്രവൃത്തിയെ അനുമോദിച്ചുകൊണ്ട് ചെയ്യുന്ന സ്തുതിയെയാണ് ഹംദ് എന്നു പറയുന്നത്. സ്വേച്ഛയാൽ അനുഗ്രഹം ചൊരിയുകയും ഔദാര്യം കാണിക്കുകയും ചെയ്യുന്നവനെ പ്രകീർത്തിക്കുന്നതിന്റെ പേരാണത്. യഥാർഥ സ്തുതി, അത് സർവാനുഗ്രഹങ്ങളുടേയും വെളിച്ചത്തിന്റേയും ഉറവിടവും, അജ്ഞതയും നിർബന്ധിതാവസ്ഥയും മുഖേനയല്ലാതെ അറിഞ്ഞുകൊണ്ട് ഔദാര്യം ചൊരിയുന്നവനുമായ അസ്തിത്വത്തെയാണ് കുറിക്കുന്നത്. ഹംദ് എന്ന പദത്തിന്റെ ഈ അർഥം എല്ലാം അറിയുകയും കാണുകയും ചെയ്യുന്ന ദൈവത്തിൽമാത്രമാണ്കാണപ്പെടുന്നത്. മുഹ്സിൻ (ഔദാര്യം ചൊരിയുന്നവൻ) അവൻ മാത്രമാണ്. ആദ്യത്തിലും അന്ത്യത്തിലുമുള്ള എല്ലാ ഔദാര്യങ്ങളും അവനിൽ നിന്നാണ് വരുന്നത്. ഈ ലോകത്തും പരലോകത്തുമുള്ള സർവ സ്തുതിയും അവനുള്ളതാണ്; മറ്റുള്ളവർക്കു വേണ്ടിയുള്ള എല്ലാ സ്തുതിയും മടങ്ങുന്നതും അവനിലേക്ക് തന്നെയാണ്." (ഇഅ്ജാസുൽ മസീഹ് തർജമ പേജ് 97, നല്ലാറത്ത് ഇശാഅത്ത് റബ്വ).

അതായത് അന്യരെ ആരെങ്കിലും സ്തുതിക്കുയാണെങ്കിൽ, മറ്റുള്ളവ സ്തുതിക്ക് അർഹനാക്കിയതും, അല്ലെങ്കിൽ സ്തുത്യർഹമായ എന്തെങ്കിലും പ്രവൃത്തി ചെയ്തതും അല്ലാഹുവിന്റെ കൃപാവരം തന്നെയാണ്. അവനെ സ്തുതിക്കുന്നതിന് അർഹനാക്കിയ എന്തെങ്കിലും പ്രവൃത്തി ചെയ്യാൻ അവന് കഴിവ് നല്കിയത് അല്ലാഹുവാണ്.

ഹംദ് എന്ന പദത്തെ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: 'ഏതെങ്കിലും അധികാരിയായ മാന്യമനുഷ്യന്റെ നല്ല പ്രവൃത്തികളിൽ, അയാളെ നാവുകൊണ്ട് സ്തുതിക്കുകയും പ്രശംസിക്കുകയും ചെയ്യുന്നതിനാണ് ഹംദ് എന്നു പറയുന്നത്. സമ്പൂർണമായ സ്തുതി പ്രതാപവാനായ രക്ഷിതാവിന് പ്രത്യേകപ്പെടുത്തിയിരിക്കുന്നു. എല്ലാത്തരം സ്തുതിയുടേയും -അതു ചെറുതാണെങ്കിലും വലുതാണെങ്കിലും മടക്കം അല്ലാഹുവിലേക്കാണ്. നമ്മുടെ രക്ഷിതാവ് വഴിപിഴച്ചവർക്ക് നേരായ

വഴി കാണിക്കുന്നവനും നിന്ദ്യരായ ആളുകളെ ആദരവിനുടയവനാക്കുന്നവനും സ്തുത്യർഹരിൽ സ്തുത്യർഹനുമാണ്.' (കറാമാത്തുസ്സാദിഖീൻ, തർജമ പേജ് 133, നല്ലാറത്ത് ഇശാ അത്ത് റബ്‌വ)

അതായത് സ്തുതിക്കർഹരായ എല്ലാ അസ്തിത്വങ്ങളും അവനെ സ്തുതിക്കുന്നതിൽ മുഴുകിയിരിക്കുന്നു. പിന്നീട് അവിടന്ന് ഇതേ ഹംദ് എന്ന പദത്തെ വിവരിച്ചുകൊണ്ട് പറഞ്ഞു: ഹംദ് എന്ന പദത്തിൽ മറ്റൊരു സൂചനയുമുണ്ട്. അല്ലാഹു പറയുന്നു: എന്റെ ദാസരേ, എന്റെ ഗുണങ്ങൾകൊണ്ട് എന്നെ തിരിച്ചറിയുവിൻ. എന്റെ ശ്രേഷ്ഠഗുണങ്ങളാൽ എന്നെ വേർതിരിച്ച് മനസ്സിലാക്കുവിൻ. ഞാൻ അപൂർണമായ അസ്തിത്വങ്ങളെപോലെയല്ല. മറിച്ച് എന്റെ ഹംദ് അഥവാ സ്തുതിയുടെ സ്ഥാനം അതിശയോക്തിയോടു കൂടി സ്തുതിക്കുന്നവരെക്കാൾ അധികമാണ്. നിങ്ങൾ എന്റെ സത്തയിൽ കാണാത്തതായ അർഹമായ ഒരു വിശേഷഗുണങ്ങളും ആകാശങ്ങളിലോ ഭൂമിയിലോ കാണുകയില്ല. എന്റെ സ്തുത്യർഹമായ സിഫത്തുകളെ എണ്ണിക്കണക്കാൻ ആഗ്രഹിച്ചാൽ നിങ്ങൾക്കൊരിക്കലും അതിനു സാധിക്കുകയില്ല; എത്ര അധ്വാനിച്ചാലും ശരി. തങ്ങളുടെ ജോലിയിൽ മുങ്ങിത്താണിരിക്കുന്നതുപോലെ ഈ സിഫത്തുകളെ കുറിച്ച് എത്രമാത്രം ബുദ്ധിമുട്ട് സഹിച്ചാലും ശരി! നല്ലവണ്ണം ചിന്തിക്കുക. എന്റെ സത്തയിൽ കാണാത്തതായ എന്തെങ്കിലും സ്തുതി എവിടെയെങ്കിലും നിങ്ങൾക്കു കാണാൻ കഴിയുന്നുണ്ടോ? എന്നിൽനിന്നും എന്റെ സന്നിധിയിൽനിന്നും അകന്നതായ സമ്പൂർണതയുടെ ഏതെങ്കിലും വിവരം നിങ്ങൾക്ക് കിട്ടുന്നുണ്ടോ? നിങ്ങൾ അങ്ങനെ ധരിക്കുകയാണെങ്കിൽ നിങ്ങൾ എന്നെ തിരിച്ചറിഞ്ഞിട്ടേയില്ല. നിങ്ങൾ അന്ധരിൽ പെട്ടവരാണ്.' (അതിനാൽ എല്ലാ സ്തുതിയും അല്ലാഹുവിനാണ് അലങ്കാരമായിട്ടുള്ളത്). പറഞ്ഞു: 'തീർച്ചയായും ഞാൻ അല്ലാഹു എന്റെ പ്രശംസനീയമായ വിശേഷഗുണങ്ങളും എന്റെ സമ്പൂർണതകളും കൊണ്ട് തിരിച്ചറിയപ്പെടുന്നു. എന്റെ ധാരധാരയായി പെയ്യുന്ന മഴയുടെ അറിവ് എന്റെ അനുഗ്രഹങ്ങളുടെ മേഘങ്ങളിലുണ്ടാകുന്നു.'

അതിനാൽ, സർവസമ്പൂർണഗുണങ്ങളുടേയും മഹാത്മ്യങ്ങളുടേയും സമാഹാരമായി എന്നെ വിശ്വസിക്കുന്നവർ മാഹാത്മ്യം ദർശിച്ചിടത്ത് തങ്ങളുടെ ചിന്തയുടെ പരമകോടിയിൽ ദൃശ്യമാകുന്ന ഏത് തേജോവിലാസത്തേയും എന്നിലേക്ക് ബന്ധപ്പെടുത്തി. അവരുടെ ബുദ്ധികളിലും ദൃഷ്ടികളിലും തെളിഞ്ഞതും അവരുടെ ചിന്തകളുടെ ദർപണത്തിൽ അവർ കണ്ടതുമായ അവർ ശക്തിപ്രഭാവങ്ങളും അവർ ഞാനുമായി ബന്ധപ്പെടുത്തി. എന്റെ ജ്ഞാനമാർഗത്തിൽ ചരിക്കുന്നവരാണിവർ. സത്യം ഇവരോടൊപ്പമാണ്. ഇവരാണ് വിജയം പ്രാപിക്കുന്നവർ."

പറയുന്നു: "അല്ലാഹു നിങ്ങളെ സൗഖ്യത്തിലാക്കുമാറാകട്ടെ. എഴുന്നേൽക്കുവിൻ, പ്രതാപവാനായ ദൈവത്തിന്റെ ഗുണങ്ങളെ അന്വേഷിച്ചു കൊണ്ടിരിക്കുവിൻ. ബുദ്ധിമാന്മാരെപ്പോലെയും വിവേകികളെപ്പോലെയും അവയിൽ ആഴത്തിൽ ചിന്തിക്കുകയും അഗാധമായ ദൃഷ്ടിയോടെ പ്രവൃത്തിക്കുകയും ചെയ്യുക." (അതായത് ആഴമേറിയ ദൃഷ്ടിയോടെ പ്രവർത്തിക്കുക. എന്തെന്നാൽ, ഹംദ് എന്ന ഗുണത്തിന്റെ ഗ്രാഹ്യം ഉണ്ടായാൽ മാത്രമേ മറ്റു ഗുണങ്ങളെക്കുറിച്ചുള്ള ഗ്രാഹ്യവും ഉണ്ടാവുകയുള്ളു).

പറയുന്നു: "നല്ലവണ്ണം കാത്തുസംരക്ഷിക്കുകയും ശ്രേഷ്ഠതയുടെ എല്ലാ വശങ്ങളിലും അഗാധമായ ദൃഷ്ടി പതിപ്പിക്കുകയും അത്യാഗ്രഹിയായ മനുഷ്യൻ തന്റെ ആഗ്രഹനിവർത്തിക്കായി ആവേശപൂർവം അന്വേഷണം നടത്തുന്നതുപോലെ ഈ ലോകത്തിന്റെ ബാഹ്യത്തിലും ആന്തരത്തിലും അതിനെ അന്വേഷിക്കുകയും ചെയ്യുക."(അല്ലാഹുവിന്റെ കൃപാവരങ്ങളെ അറിയുന്നതിനുവേണ്ടി, അവന്റെ സവിശേഷഗുണങ്ങളെ അറിയുന്നതിനുവേണ്ടി, അവനെ സ്തുതിക്കുന്നതിനുവേണ്ടി, വഴി അന്വേഷിക്കുന്നതിനുവേണ്ടി വലിയ ശ്രമം ചെയ്യുക; അത്യാഗ്രഹിയായവൻ ശ്രമിക്കുന്നതുപോലെ). പറഞ്ഞു: "നിങ്ങൾ അതിന്റെ സമ്പൂർണ ഔന്നിത്യത്തിലെത്തുകയും അതിന്റെ പരിമളം പ്രാപിക്കുകയും ചെയ്താൽ നിങ്ങൾ അവനെ പ്രാപിച്ചതുപോലെയാണ്. സന്മാർഗം അന്വേഷിക്കുന്നവർക്ക് മാത്രം വെളിപ്പെടുന്ന രഹസ്യമാണിത്. അതിനാൽ ഇത് നിങ്ങളുടെ രക്ഷിതാവാണ്,നിങ്ങളുടെ യജമാനനാണ്, അവൻ സ്വയം സമ്പൂർണനാണ്, സമ്പൂർണമായ എല്ലാ വിശേഷഗുണങ്ങളുടേയും എല്ലാ സൽഗുണങ്ങളുടേയും സമുച്ചയവുമാണ്."(കറാമാത്തുസ്സാദിഖീൻ തർജമ പേജ് 135-137 നല്ലാറത്ത് ഇശാഅത്ത് റബ്‌വ)

അതുകൊണ്ട് അല്ലാഹു സ്തുത്യർഹനാണെന്ന ഈയൊരു ഗ്രാഹ്യമാണ് നമുക്കുണ്ടാകേണ്ടത്. അപ്പോൾ അല്ലാഹുവിന്റെ മറ്റു ഗുണങ്ങളേയും തിരിച്ചറിയാൻ സാധിക്കുന്നതാണ്.

ശേഷം അല്ലാഹു പറയുന്നത് അവൻ മജീദാണെന്നാണ്; മഹത്ത്വമുടയവൻ. മഹത്ത്വമുള്ളവൻ. മനുഷ്യരെ കുറിച്ച് വലിയ മഹാത്മാവാണെന്ന് നമ്മൾ പറയുന്നതുപോലെയോ അല്ലെങ്കിൽ പ്രായമുള്ളവരെ കുറിച്ച് ആളുകൾ പറയുന്നതുപോലെയോ അല്ല അല്ലാഹുവിനെകുറിച്ച് പറയുന്നത്. അല്ലാഹുവിനെ കുറിച്ച് നമ്മൾ പറയുമ്പോൾ അതിന്റെ ഉദ്ദേശ്യം മനുഷ്യന് എത്തിപ്പെടാൻ സാധിക്കാത്തവിധം സ്തുത്യർഹനും മഹത്വമുള്ളവനുമാണ് അവൻ എന്നാണ്. അവന്റെ കൃപകൾക്ക് ഒരു അതിരുമില്ല. അവൻ നല്കുമ്പോൾ നല്കിക്കൊണ്ടേ പോകുന്നു. അതിലവൻ ക്ഷീണിക്കുന്നില്ല. അതിനാൽ, ആയത്ത് ഓതുമ്പോൾ മഹത്ത്വമുടയവനായ ദൈവത്തിന്റെ ഈ അർഥംമുന്നിൽ വെക്കേണ്ടതാണ്. ആദ്യം ഹംദ് എന്നതിന്റെയും പിന്നീട് മജീദ് എന്നതിന്റെയും അർഥം മുന്നിൽ വെയ്ക്കേണ്ടതാണ്.

ശേഷം അല്ലാഹു പറഞ്ഞു: "അവൻ അസീസ് ആണ്. അതായത് ശക്തിയുള്ളവരെക്കാളെല്ലാം അധികം ശക്തിയുള്ളവൻ. അവനെ തോല്പിക്കുക എന്നത് സംഭാവ്യമല്ല. എല്ലാ ബഹുമാനാദരങ്ങളും അവനുള്ളതാണ്. അവന്റെ നിലയും വിലയും ആർക്കും കണക്കാക്കാൻ സാധിക്കുകയില്ല. സർവവസ്തുക്കളെയും അതിജയിക്കുന്നവനാണവൻ. അവനെപ്പോലെ ആരും ഉണ്ടാകവതല്ല. ഇതാണ് അസീസ് എന്നതിന്റെ അർഥം.

ശേഷം പറയുന്നു: അവൻ അലീം ആണ്. അതായത്, സർവസംഗതികളെക്കുറിച്ചും അറിവുള്ളവനാണവൻ. ഭൂതവും ഭാവിയും അവൻ അറിയുന്നു. അവനിൽ നിന്ന് ഒന്നും ഗോപ്യമല്ല. അവന്റെ ജ്ഞാനം സർവവസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. ഇങ്ങനെയുള്ള ദൈവമാണ് ഈ ഗ്രന്ഥം അതായത് വിശുദ്ധഖുർആൻ ഇറക്കിയിരിക്കുന്നത്. അവൻ അവസാന ന്യായപ്രമാണം ഇറക്കി. എല്ലാ കാലത്തേക്കും ആവശ്യമായ അറിവ് അവൻ അതിൽ ലഭ്യമാക്കി. ഇനി ഇതനുസരിച്ച് യഥാർഥ നിലയിൽ പ്രവർത്തിക്കുന്നതിലൂടെ മാത്രമാണ് എല്ലാ വിധത്തിലുള്ള പരിരക്ഷയും വിജയവും ലഭ്യമാവുക."

അതിനു ശേഷം പറയുന്നു: 'അവൻ ഗാഫിറുദമ്പ് ആകുന്നു; പാപങ്ങൾ പൊറുക്കുന്നവൻ. അവന്റെ മുമ്പിൽ കുനിഞ്ഞു കൊണ്ട് പാപപൊറുതി തേടേണ്ടതാണ്. തങ്ങളുടെ പാപങ്ങൾ പൊറുക്കപ്പെടുന്നതിനു വേണ്ടി ദൈവത്തോട് എപ്പോഴും പാപപ്പൊറുതിതേടിക്കൊണ്ടിരിക്കണമെന്ന് മസീഹ് മൗഊദ്(അ) ഒരുപാട് സ്ഥലങ്ങളിൽ വിവരിച്ചിട്ടുണ്ട്. ഒരിക്കൽ അവിടന്ന് പറഞ്ഞു: മനുഷ്യന് പ്രദാനം ചെയ്യപ്പെടുന്ന വെളിച്ചം താൽക്കാലികമാണ്. അതായത്, മനുഷ്യന് ലഭിക്കുന്ന ആത്മീയവും മതപരവുമായ ഏതൊരു വെളിച്ചവും താൽക്കാലികമായിരിക്കും. അതിനെ എപ്പോഴും കൂടെ നിറുത്തുന്നതിന് ഇസ്തിഗ്ഫാർ ചെയ്യേണ്ടതിന്റെ ആവശ്യകതയുണ്ട്." അവിടന്ന് പറഞ്ഞു: "നബിമാർ പാപപ്പൊറുതി തേടുന്നതിന്റെ കാരണവും ഇതുതന്നെയാണ്. തങ്ങൾക്കു പ്രദാനം ചെയ്യപ്പെട്ട പ്രകാശത്തിന്റെ പുതപ്പ് തിരിച്ചെടുത്തുകളയുമോ എന്ന ആശങ്ക അവർക്കുണ്ടാകുന്നു. അങ്ങനെ സംഭവിക്കുമെന്ന് അവർക്കറിയാം." പറയുന്നു: "നിലവിൽ ദൈവത്തിൽ നിന്നു ലഭിച്ച പ്രകാശം സുരക്ഷിതമാക്കപ്പെടുകയും കൂടുതൽ ലഭിക്കുകയും ചെയ്യുക എന്നതാണ് ഇസ്തിഗ്ഫാറിന്റെ അർഥം. അത് കരസ്ഥമാക്കാൻ അഞ്ചുനേര നമസ്കാരമാണുള്ളത്. പാപപ്പൊറുതി കരസ്ഥമാക്കുന്നതിന്, ആ പ്രകാശം കരസ്ഥമാക്കുന്നതിന് നമസ്കാരവും അതിന്റെ ഭാഗമാണ്. എന്തുകൊണ്ടെന്നാൽ നമസ്കാരത്തിലും മനുഷ്യൻ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ചു മടങ്ങുന്നു. മാപ്പു ചോദിക്കുന്നു. അല്ലാഹുവിനോടു പൊറുക്കലിനെ തേടുന്നു;അത് നിത്യവും മനസ്സു തുറന്ന് ദൈവത്തോട് ചോദിക്കാവുന്നതാണല്ലോ! ഉൾക്കാഴ്ചയുള്ളവർ നമസ്കാരം മിഅ്‌റാജ് ആണെന്ന് അറിയുന്നു. നമസ്കാരത്തിൽ മനോനൊമ്പരത്തോടെ, ഒരു നീറ്റലോടെ ചെയ്യപ്പെടുന്ന ദുആകൾ മുഖേനയാണ് ഈ രോഗങ്ങളിൽ നിന്ന് മോചനം ലഭിക്കുന്നത്."(മൽഫൂദാത്ത് വാല്യം 7, പേജ് 124-125, 1985 ലണ്ടൻ എഡിഷൻ)

അതായത് ശാരീരികവും ആത്മീയവുമായ എല്ലാവിധ രോഗങ്ങൾക്കും ദുആ അനിവാര്യമാണ്; ദുആകളിൽ ഇസ്തിഗ്ഫാർ ചെയ്യേണ്ട ആവശ്യമുണ്ട്. ഇതിന്റെതന്നെ ഭാഗമാണ് നമസ്കാരവും. ഈ വചനങ്ങൾ പാരായണം ചെയ്യണമെന്ന് നബി തിരുമേനി(സ) പറയുമ്പോൾ അത് ഓതുന്നതു കൊണ്ടു മാത്രം കാര്യമായില്ല; കർമപരമായ അവസ്ഥയും മെച്ചപ്പെടുത്തേണ്ടതാണ്. നാം എങ്ങനെയാണ് ഇസ്തിഗ്ഫാർ ചെയ്യേണ്ടത്, നാം സുരക്ഷിതരായിരിക്കുന്നതിനു വേണ്ടി എങ്ങനെയാണ് നമസ്കാരത്തെ സംരക്ഷിക്കേണ്ടത് എന്ന കാര്യം നാം സ്വയം ശ്രദ്ധിക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്തിഗ്ഫാർ എന്ന വിഷയം കൂടുതൽ വിശദീകരിച്ചുകൊണ്ട് ഒരു അവസരത്തിൽ പറഞ്ഞു.

"ബാഹ്യത്തിൽ ഒരു പാപവും ഉണ്ടാകാതിരിക്കുകയും പാപം ചെയ്യാനുള്ള കഴിവുകൾ വെളിപ്പെടാതിരിക്കുകയും ചെയ്യുക എന്നതാണ് ഇസ്തിഗ്ഫാർ അർഥമാക്കുന്നത്. അതായത് ഉണ്ടാകാനിടയുള്ള ആ പാപം ഉണ്ടാകാനുള്ള അവസരംതന്നെ ഉണ്ടാകാതിരിക്കുക, അതിനുള്ള കഴിവുതന്നെ ഉണ്ടാകാതിരിക്കുക." പറഞ്ഞു: "നബിമാരുടെ ഇസ്തിഗ്ഫാറിന്റേയും യാഥാർഥ്യം ഇതുതന്നെയാണ്. അവർ നിഷ്ക്കളങ്കരാണ്. എന്നാൽ, അവർ ഇസ്

**ഇർശാദെ നബ്‌വി(സ):-**

"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)

**ഇർശാദെ നബ്‌വി(സ):-**

"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു;
അതുകഴിഞ്ഞാൽ നിന്റെ പിതാവ്"
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ ആലപ്പുഴ(കേരള)

തിഗ്ഫാർ ചെയ്യുന്നത് ഭാവിയിൽ അതുചെയ്യാനുള്ള കഴിവുണ്ടാകാതിരിക്കാനാണ്. പൊതുജനങ്ങൾക്കായി ഇസ്തിഗ്ഫാറിന്റെ രണ്ടാമത്തെ അർഥവും എടുക്കപ്പെടുന്നതാണ്."(സാധാരണ മനുഷ്യർക്ക് ഇസ്തിഗ്ഫാറിന്റെ അർഥം ഇതുമാണ്). ഏതൊരു കുറ്റങ്ങളും പാപവുമാണോ ഉണ്ടായത് അവയുടെ ദുഷ്ഫലങ്ങളിൽനിന്ന് അല്ലാഹു രക്ഷിച്ചു നിറുത്തട്ടെ. ആ പാപങ്ങൾ പൊറുക്കുമാറാകട്ടെ. ഒപ്പം ഭാവിയിൽ പാപങ്ങളിൽനിന്ന് സുരക്ഷിതനായിരിക്കുകയും വേണം. പറഞ്ഞു: "എന്തായാലും മനുഷ്യൻ ഇസ്തിഗ്ഫാർ ചെയ്യേണ്ടത് അനിവാര്യമായ കാര്യമാണ്." പറഞ്ഞു: "ഈ വരൾച്ചയും അതുപോലെതന്നെ വിവിധരീതിയിലുള്ള നാശങ്ങളും ലോകത്ത് ഇറങ്ങുന്നതിന്റെ ഉദ്ദേശ്യം ജനങ്ങൾ ഇസ്തിഗ്ഫാറിൽ മുഴുകുക എന്നതാണ്. മനുഷ്യൻ പ്രയാസങ്ങളിൽ അകപ്പെടുമ്പോൾ, അല്ലെങ്കിൽ അഹ്മദികളുടെ ബുദ്ധിമുട്ടുകളിൽ ദുആകളിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. ഇസ്തിഗ്ഫാറിലേക്കും ശ്രദ്ധ ഉണ്ടാകേണ്ടതാണ്." പറഞ്ഞു: "ഇസ്തിഗ്ഫാറിന്റെ ഉദ്ദേശ്യം അസ്തഗ്ഫിറുല്ലാഹ്, അസ്തഗ്ഫിറുല്ലാഹ് എന്ന് പറഞ്ഞുകൊണ്ടിരിക്കലല്ല. യഥാർഥത്തിൽ അന്യരാജ്യത്തെ ഭാഷയായ കാരണത്താൽ ജനങ്ങളിൽനിന്ന് യാഥാർഥ്യം മറഞ്ഞിരുന്നു. അറബികൾ ഇക്കാര്യങ്ങൾ നല്ലവണ്ണം മനസ്സിലാക്കിയിരുന്നു. എന്നാൽ, നമ്മുടെ രാജ്യത്ത് അന്യഭാഷയായ കാരണത്താൽ ഒരുപാടു യാഥാർഥ്യങ്ങൾ മറഞ്ഞിരുന്നുപോയി. ധാരാളമാളുകൾ പറയാറുണ്ട്. ഞാൻ ഇത്ര തവണ ഇസ്തിഗ്ഫാർ ചൊല്ലിയെന്ന്, നൂറുപ്രാവശ്യം തസ്ബീഹ് ചെയ്തു, 1000 തസ്ബിഹ് ചെയ്തുവെന്ന്! എന്നാൽ, ഇസ്തിഗ്ഫാറിന്റെ അർഥവും ഉദ്ദേശ്യവും ചോദിക്കുകയാണെങ്കിൽ തൈഫെവ. അമ്പരന്നിരുന്നുപോകും. മനുഷ്യൻ യഥാർഥനിലയിൽ ആത്മാർഥമായി മാപ്പു ചോദിച്ചുകൊണ്ടിരിക്കേണ്ടതാണ്. തന്നിൽനിന്ന് സംഭവിച്ചുപോയ പാപങ്ങളും കുറ്റങ്ങളും അകന്നുപോകുന്നതിനും അതിന്റെ ശിക്ഷ അനുഭവിക്കാതിരിക്കുന്നതിനും ഭാവിയിൽ ആത്മാർഥമായി എപ്പോഴും സൽക്കർമം ചെയ്യുന്നതിനും പാപങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിന് തൗഫീഖ് കിട്ടുന്നതിനും സഹായം തേടിക്കൊണ്ടിരിക്കുക." പറഞ്ഞു: "നല്ലവണ്ണം ഓർത്തുകൊള്ളുക കേവലം വാക്കുകൾ കൊണ്ട് ഒരു പ്രയോജനവുമുണ്ടാകുകയില്ല. സ്വന്തം ഭാഷയിലും ഇസ്തിഗ്ഫാർ ചെയ്യാവുന്നതാണ്; അല്ലാഹു കഴിഞ്ഞുപോയ പാപങ്ങൾ പൊറുത്തുതരാൻ, ഭാവിയിൽ പാപങ്ങളിൽനിന്ന് സുരക്ഷിതമായിരിക്കാൻ. നന്മചെയ്യാൻ തൗഫീഖ് കിട്ടാൻ ഇതുതന്നെയാണ് യഥാർഥ ഇസ്തിഗ്ഫാർ."

പറയുന്നു: തങ്ങൾക്ക് ചൊല്ലിക്കൊണ്ടിരിക്കാൻ ചെറിയ ദുആ വല്ലതും പറഞ്ഞു തരാൻ ജനങ്ങൾ പറയാറുണ്ട്. നിർബന്ധകർമങ്ങൾ നിർവഹിക്കപ്പെടുന്നുണ്ടെങ്കിലേ ചെറിയ ദുആ പോലും ഗുണം ചെയ്യുകയുള്ളു. നമസ്കാരം കൃത്യമായി ഒരു ഉത്സാഹത്തോടെ നിർവഹിക്കപ്പെടുകയാണെങ്കിൽ ദിക്റുകളും ഫലം ചെയ്യുന്നതാണ്.

പിന്നീട് ഇവിടെ അല്ലാഹുവിന്റെ 'സ്വിഫത്ത് ഖാബിലിത്തൗബി'യാണുള്ളത്; തൗബ സ്വീകരിക്കുന്നവൻ. താൻ ചെയ്ത പാപങ്ങൾക്ക് മാപ്പപേക്ഷിച്ചുകൊണ്ട് ദൈവത്തിലേക്ക് തിരിയുക എന്നതാണ് തൗബയുടെ അർഥം. താൻ ഇനി ഒരു പാപവും ചെയ്യുകയില്ലെന്നും പാപം ചെയ്യുന്നതിൽനിന്ന് എപ്പോഴും വിട്ടു നില്ക്കാൻ ശ്രമിക്കുന്നതാണെന്നുമുള്ള പ്രതിജ്ഞയോടെ ഒരാൾ ദൈവസമക്ഷം ഹാജരാകുമ്പോൾ ഉത്സാഹത്തോടും ദൃഢനിശ്ചയത്തോടും ദൈവത്തിലേക്ക് അടുക്കുന്നവന്റെ തൗബ സ്വീകരിക്കുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ജുമുഅയെക്കാളും രണ്ടു പെരുന്നാൾദിനത്തേക്കാളും ഉന്നതവും അനുഗൃഹീതവുമായ ആ ദിനം ഏതാണെന്നറിയുമോ? ഞാൻ നിങ്ങളോടു പറയുന്നു, ആ ദിനം മനുഷ്യന്റെ തൗബയുടെ ദിനമാണ്. എല്ലാറ്റിനേക്കാളും എല്ലാ ഈദിനേക്കാളും ഉന്നതമാണത്. എന്തുകൊണ്ടെന്നാൽ, മനുഷ്യനെ നരകത്തോടടുപ്പിക്കുന്ന, ദൈവകോപത്തിനിരയാക്കുന്ന കർമപുസ്തകം ശുദ്ധമാക്കപ്പെടുകയും അവന്റെ പാപങ്ങൾ മാപ്പാക്കപ്പെടുകയും ചെയ്യുന്ന ദിനമാണത്. യഥാർഥത്തിൽ മനുഷ്യന് ശാശ്വതമായ നരകത്തിൽനിന്നും ശാശ്വതമായ ദൈവകോപത്തിൽനിന്നും മോക്ഷം നല്കുന്ന ദിനത്തെക്കാളുപരി സന്തോഷത്തിന്റേയും പെരുന്നാളിന്റേയും മറ്റേതൊരു ദിനമുണ്ടാകാനാണ്. തൗബ ചെയ്യുന്ന പാപി ആദ്യം അല്ലാഹുവിൽനിന്ന് അകന്നവനും അവന്റെ പാപത്തിന് പാത്രവുമായിരുന്നു. ഇപ്പോൾ അവന്റെ കൃപയാൽ അടുത്താകുകയും ശിക്ഷയിൽനിന്ന് അകറ്റപ്പെടുകയും ചെയ്യുന്നു.

*ഇന്നല്ലാഹ യുഹിബ്ബുത്തവ്വാബീന വയുഹിബ്ബുൽ മുത്തത്വഹ്ഹിരീൻ.* (2:223) എന്ന് അല്ലാഹു പറഞ്ഞതുപോലെ. തീർച്ചയായും അല്ലാഹു തൗബ ചെയ്യുന്നവരേയും പരിശുദ്ധി അവലംബിക്കുന്നവരേയും ഇഷ്ടപ്പെടുന്നു. അല്ലാഹു തൗബ ചെയ്യുന്നവരെ ഇഷ്ടപ്പെടുന്നു എന്ന് മാത്രമല്ല ഇതിൽനിന്ന് മനസ്സിലാകുന്നത്. മറിച്ച്, യഥാർഥ തൗബയോടൊപ്പം യഥാർഥ പരിശുദ്ധിയും പവിത്രതയും നിബന്ധനയാണ്." (യഥാർഥമായ തൗബ അഥവാ പശ്ചാത്താപം എന്നു പറയുന്നത് അതിനോടൊപ്പം യഥാർഥ പരിശുദ്ധിയും ഉണ്ടാകണം. താൻ ഭാവിയിൽ പാപം ചെയ്യില്ലെന്ന് ഉറച്ച തീരുമാനമെടുക്കണം. ഇതുണ്ടാകുമ്പോൾ പരിശുദ്ധിയും പവിത്രതയുമുണ്ടാകുമ്പോൾ തൗബയും സ്വീകരിക്കപ്പെടുന്നതായിരിക്കും). പറഞ്ഞു: 'എല്ലാ വിധത്തിലുള്ള മാലിന്യങ്ങളിൽ നിന്നും മ്ലേച്ഛതയിൽ നിന്നും അകന്നു നില്ക്കേണ്ടത് ഇതിന് അനിവാര്യമായ നിബന്ധനയാണ്. അല്ലാത്ത പക്ഷം, വെറും പദക്കസർത്തു കൊണ്ടുള്ള തൗബ ഒരു പ്രയോജനവും ചെയ്യുകയില്ല. മനുഷ്യൻ തന്റെ ദുഷ്ചെയ്തികളിൽ നിന്ന് തൗബ ചെയ്തുകൊണ്ട് ദൈവത്തോട് അനുരഞ്ജനത്തിന്റെ പ്രതിജ്ഞ ചെയ്യുകയും ദൈവകല്പനകൾക്കു മുൻപിൽ തല കുനിക്കുകയും ചെയ്യുന്ന അനുഗൃഹീത ദിനമാവുമ്പോൾ അവൻ ചെയ്ത് ദുഷ്കർമത്തിന്റെ ഫലമായി ഗോപ്യമായ നിലയിൽ തയാറാക്കപ്പെടുന്ന ശിക്ഷയിൽനിന്ന് രക്ഷപ്പെടുമെന്ന കാര്യത്തിൽ സംശയിക്കാനെന്തിരിക്കുന്നു. ഇങ്ങനെ അവന് പ്രതീക്ഷിക്കാൻ പോലും സാധിക്കാത്ത സംഗതികൾ കരസ്ഥമാക്കുന്നു.

പറഞ്ഞു: "ഒരാൾ ഏതെങ്കിലും വസ്തു കരസ്ഥമാക്കുന്നതിൽനിന്ന് നിരാശനാകുകയും ആ നിരാശയുടേയും വ്യസനത്തിന്റേയും അവസ്ഥയിൽ അവൻ തന്റെ പ്രാപിക്കുകയും ചെയ്യുമ്പോൾ എത്രമാത്രം സന്തോഷമായിരിക്കും അവനുണ്ടാകുക. അവന്റെ മനസ് ഒരു പുതുജീവിതം പ്രാപിക്കുന്നതാണ്. ഇക്കാരണത്താലാണ് ഹദീഥുകളിൽ അതിനെക്കുറിച്ച് പറയപ്പെട്ടിട്ടുള്ളത്. ഹദീഥുകളിൽനിന്നും പൗരാണിക ഗ്രന്ഥങ്ങളിൽനിന്നും മനസിലാകുന്നത് മനുഷ്യൻ പാപത്തിന്റെ മരണത്തിൽനിന്ന് പുറത്തുവന്ന് പശ്ചാത്താപത്തിലൂടെ പുതുജീവിതം പ്രാപിക്കുമ്പോൾ അല്ലാഹു അവന്റെ ജീവിതത്തിൽ സന്തോഷിക്കുന്നു. പാപങ്ങളുടെ അടിയിൽ മനുഷ്യൻ അമർന്നിരിക്കുകയും നാശവും മരണവും നാലുഭാഗത്തുനിന്നും അവന്റെ അടുത്തെത്തുകയും ദൈവശിക്ഷ അവനെ തിന്നാൻ തയ്യാറായിരിക്കുകയും ചെയ്യുമ്പോൾ അവൻ പെട്ടെന്ന് പശ്ചാത്തപിച്ച് അല്ലാഹുവിലേക്ക് വരിക എന്നത് യഥാർഥത്തിൽ ഇതു സന്തോഷത്തിന്റെ കാര്യംതന്നെയാണ്. അല്ലാഹുവിന്റെ സന്തോഷത്തിന്റെ നേരമാണത്. ആകാശത്തിൽ മലക്കുകളും സന്തോഷിക്കുന്നു. കാരണം തന്റെ ഏതെങ്കിലും ദാസൻ നാശമടയുന്നതും ഉന്മൂലനം ചെയ്യപ്പെടുന്നതും അല്ലാഹു ആഗ്രഹിക്കുന്നില്ല. മറിച്ച് അവൻ ആഗ്രഹിക്കുന്നത് തന്റെ ദാസനിൽനിന്ന് തെറ്റും ബലഹീനതയും വെളിപ്പെട്ടാൽത്തന്നെയും അവൻ പശ്ചാത്തപിച്ച് സമാധാനത്തിൽ കടക്കണമെന്നാണ്. അതുകൊണ്ട് ഓർമിക്കുക മനുഷ്യൻ പാപങ്ങളിൽനിന്ന് പശ്ചാത്തപിച്ച് മടങ്ങുന്ന ദിവസം വളരെ അനുഗൃഹീതമാണ്. എല്ലാ ദിവസങ്ങളെക്കാളും ശ്രേഷ്ഠമാണ്. കാരണം അവൻ ആ ദിവസമാണ് പുതിയ ജീവിതം പ്രാപിക്കുന്നത്. അല്ലാഹുവിനോടു അടുത്താക്കപ്പെടുന്നത്. അതിന്റെ അടിസ്ഥാനത്തിൽ ഈ ദിവസം(ബയ്അത്തിന്റെ ദിവസം) നിങ്ങളിൽ ധാരാളമാളുകൾ പാപങ്ങളിൽനിന്ന് തൗബ ചെയ്യുന്നുവെന്നും തുടർന്ന് തന്നെകൊണ്ടു കഴിയുന്നിടത്തോളം പാപങ്ങളിൽനിന്ന് രക്ഷപ്പെട്ടിരിക്കുമെന്നും ഏറ്റു പറഞ്ഞിട്ടുള്ളതാണ്) തൗബയുടെ ദിവസമാണ്. അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് സത്യഹൃദയത്തോടുകൂടി തൗബ ചെയ്ത ഓരോ വ്യക്തിയുടേയും ചെയ്തുപോയ പാപം പൊറുക്കപ്പെട്ടുവെന്ന് ഞാൻ ദൃഢമായും വിശ്വസിക്കുന്നു. അവർ *അത്താഇബു മിനദ്ദമ്പികമൻല്ലാ ദമ്പ ലഹൂ* എന്നതിന്റെ കീഴെ വന്നിരിക്കുന്നു. അവൻ ഒരു പാപവും ചെയ്തിട്ടില്ലെന്ന് പറയാവുന്നതുപോലെ! എന്നാൽ, യഥാർഥമായ പരിശുദ്ധിയും ശുചിത്വത്തിലേക്കുള്ള ചുവടുവയ്പും അതിനുള്ള നിബന്ധനയാണെന്ന് ഞാൻ വീണ്ടും പറയുകയാണ്. ഈ തൗബ കേവലം നാവുകൊണ്ടുള്ള തൗബ ആയിരിക്കരുത്. മറിച്ച് കർമത്തിന്റെ കീഴിൽ വരണം. ആരുടെയെങ്കിലും പാപം പൊറുക്കുക എന്നത് ചെറിയ കാര്യമല്ല. മറിച്ച് മഹത്തായൊരു കാര്യമാണ്."

പറഞ്ഞു: നോക്കൂ മനുഷ്യരിൽനിന്ന് ഏതെങ്കിലും ചെറിയ തെറ്റോ കുറ്റമോ ഉണ്ടായാൽ ചിലപ്പോൾ അതിന്റെ പക തലമുറകളോളം നില്ക്കാറുണ്ട്. ആ വ്യക്തി തലമുറ തലമുറയായി അവസരം കിട്ടിയാൽ പകരംവീട്ടണമെന്ന ഉദ്ദേശ്യത്തോടെ കാത്തിരിക്കുന്നു.

പക്ഷേ, അല്ലാഹു പരമകാരുണികനും കരുണാമയനുമാണ് അല്ലാഹു. ഒരു പാപത്തിന് പകരമായി പല തലമുറകളേയും വിടാതെ പിന്തുടർന്ന് നശിപ്പിക്കുന്ന മനുഷ്യനെപ്പോലെ അവൻ കഠിനഹൃദയനല്ല. കാരുണ്യവാനായ ദൈവം എഴുപത് വർഷത്തെ പാപങ്ങൾ പോലും ഒരൊറ്റ വാക്കു കൊണ്ട് ഒരു നിമിഷത്തിനുള്ളിൽ പൊറുത്തു കൊടുക്കുന്നവനാണ്. അവന്റെ പൊറുത്തുതരൽ നിഷ്ഫലമാണെന്ന് ഒരിക്കും ധരിക്കരുത്. അങ്ങനെയല്ല. അവന്റെ പൊറുത്തുതരൽ യഥാർഥത്തിൽ പ്രയോജനപ്പെടുന്നതും ഫലം പ്രദാനം ചെയ്യുന്നതുമാണ്. സത്യഹൃദയത്തോടുകൂടി മാനസാന്തരപ്പെട്ടവരാണ് അതു നല്ലവണ്ണം അനുഭവിച്ചറിയുന്നത്."(മൽഫൂദാത്ത് വാള്യം 7 പേജ് 148–150, 1985 ലണ്ടൻ പതിപ്പ്).

## ഇർശാദെ നബ്‌വി(സ):–

**"ഉപജീവനത്തിൽ ഐശ്വര്യമുണ്ടാകാനും ദീർഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കിൽ അവൻ തന്റെ കുടുംബബന്ധം പുലർത്തിക്കൊള്ളട്ടെ.'**

**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

## ഇർശാദെ നബ്‌വി(സ):–

**"പ്രത്യുപകാരം ചെയ്യുന്നവൻ കുടുംബബന്ധം പുലർത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോൾ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേർക്കുന്നവൻ."**

**(ബുഖാരി)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

ഈ യഥാർഥ മാനസാന്തരമാണ് പിന്നീട് സംരക്ഷണത്തിനുള്ള ഏർപാടു ചെയ്യുന്നത്. ഇതില്ലെങ്കിൽ അവൻ ശദീദുൽ ഇഖാബാണെന്ന് ഓത്തുകൊള്ളാനും അല്ലാഹു പറയുന്നു. മനുഷ്യൻ അല്ലാഹുവിന്റെ കല്പനകളെ വകവെക്കാതിരിക്കുമ്പോൾ അവൻ അവരെ ശിക്ഷിക്കുകയും ചെയ്യുന്നു.

ശേഷം പറയുന്നു, അവൻ 'ദിത്വൗൽ' ആകുന്നു. അതായത്, അവൻ ഒരുപാട് നല്കുന്നവനാണ്. അങ്ങേയറ്റം നന്മ കനിഞ്ഞരുളുന്നവനാണവൻ. അവന്റെ ഔദാര്യങ്ങൾക്ക് അതിരില്ല. എന്തെന്നാൽ, തന്റെ ശക്തിപ്രഭാവത്താൽ സർവവും നല്കാൻ കഴിവുള്ളവനാണവൻ. അവന്റെ ഖജനാവ് അപരിമിതമാണ്. തന്റെ ഈ ഗുണനാമങ്ങളെ നിങ്ങൾ സ്മരിച്ചു കൊണ്ടിരിക്കുകയാണെങ്കിൽ സദാ അനുഗ്രഹങ്ങൾ ലഭിക്കുമാറാകുമെന്ന് അല്ലാഹു പറയുന്നു. അവനല്ലാതെ ഇത്രമാത്രം ശക്തിയുള്ള മറ്റൊരു അസ്തിത്വവുമില്ല. നാം ഈ ലോകത്തും മരിച്ചതിനു ശേഷവും അവനിലേക്കു തന്നെയാണ് മടങ്ങേണ്ടത്. അല്ലാഹുവിലേക്ക് തന്നെയാണ് മടങ്ങേണ്ടതെന്ന ബോധം ഉണ്ടായാൽ നന്മ ചെയ്യാനും അവന്റെ കല്പനകളനുസരിച്ച് ജീവിക്കാനുമുള്ള ശ്രദ്ധയുണ്ടാകും. ഈയൊരവസ്ഥയുണ്ടായാൽ അല്ലാഹുവിന്റെ പരിരക്ഷ തീർച്ചയായും ഉണ്ടാകുന്നതാണ്.

നബി(സ)തിരുമേനി രണ്ടാമതായി നമ്മുടെ ശ്രദ്ധ ക്ഷണിച്ച വചനം ആയത്തുൽ കുർസിയാണ്. ഇതു സംബന്ധമായി ഹദ്റത്ത് അബൂഹുറയ്റ(റ) യിൽ നിന്ന് നിവേദനം: നബി(സ)തിരുമേനി പറഞ്ഞു: എല്ലാ വസ്തുവിനും ഒരഗ്രിമസ്ഥാനമുണ്ട്, വിശുദ്ധ ഖുർആനിന്റെ അഗ്രിമസ്ഥാനം സൂറ: ബഖറയാണ്. വിശുദ്ധ ഖുർആനിലെ എല്ലാ വചനങ്ങളുടേയും നേതാവായ ഒരു വചനം അതിലുണ്ട്. ആ വചനം ആയത്തുൽ കുർസിയാണ്. (സുനനുത്തുർമുദി അബ്‌വാബു ഫളാഇലുൽ ഖുർആൻ ഹദീഥ് 2878)

ഇതിനെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: *'അല്ലാഹു ലാ ഇലാഹ ഇല്ലാ ഹുവൽ ഹയ്യുൽ ഖയ്യൂം.* അതായത്, അല്ലാഹു, അവനല്ലാതെ മറ്റൊരു ആരാധ്യനില്ല. എല്ലാ ജീവന്റേയും ജീവനും എല്ലാറ്റിന്റേയും തുണയുമാണ് അവൻ. അവൻ തന്നെയാണ് ജീവിച്ചിരിക്കുന്നവനും സ്വയംനിലനിൽക്കുന്നവനും. ജീവിച്ചിരിക്കുന്നവനും സ്വയം നിലനിൽക്കുന്നവനും അവൻ മാത്രമാകുമ്പോൾ അവനല്ലാതെ ജീവനുള്ളതായി കാണപ്പെടുന്ന ഓരോ വ്യക്തിയും അപ്രകാരം ആയിത്തീർന്നിരിക്കുന്നത് അവന്റെ ജീവിതം കാരണമാണെന്ന് പ്രസ്പഷ്ടമാണ്. ആകാശഭൂമികളിലുള്ള സർവതിനേയും നിലനിറുത്തുന്നത് അവനാണ്. അവരുടെ നിലനില്പു തന്നെ അവനെയാണ് ആശ്രയിച്ചിരിക്കുന്നത്.(ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസാഇൻ വാല്യം 23 പേജ് 120)

വീണ്ടും വിശദീകരണം നല്കിക്കൊണ്ട് അവിടന്ന് പറയുന്നു: 'അല്ലാഹുവിന്റെ രണ്ടു നാമങ്ങൾ വിശുദ്ധ ഖുർആൻ അവതരിപ്പിക്കുന്നു എന്ന കാര്യം മനസ്സിലാക്കേണ്ടതാണ്. അൽ ഹയ്യ്, അൽ ഖയ്യൂം. ദൈവം സ്വയംജീവിച്ചിരിക്കുന്നവനും മറ്റുള്ളവർക്ക് ജീവൻ നല്കുന്നവനും എന്നതാണ് അൽ ഹയ്യ് എന്നതിന്നർഥം. അൽഖയ്യൂം എന്നാൽ, സ്വയം നിലനില്ക്കുന്നവൻ, മറ്റുള്ളവരുടെ നിലനില്പിന് കാരണഭൂതൻ. ഓരോ വസ്തുവിന്റേയും ജീവിതവും നിലനില്പും ഈ രണ്ട് ഗുണനാമങ്ങൾ മുഖാന്തരമാണ്. അതുകൊണ്ട് ഹയ്യ് എന്ന പദം ആരാധിക്കപ്പെടാൻ അർഹനാക്കുന്നു. സൂറ: ഫാതിഹയിലെ ഇയ്യാക്ക നഅ്ബുദു എന്നത് ഇതിന്റെ പ്രതീകമാണ്. അതുപോലെ, അൽഖയ്യൂം ആവശ്യപ്പെടുന്നത് അവനോട് ആശ്രയം തേടാനാണ്. അത് ഇയ്യാക്ക നസ്തഈന്റെ വാക്കുകൊണ്ട് നിർവഹിക്കപ്പെട്ടിരിക്കുന്നു. (ജീവിച്ചിരിക്കേണ്ടതാണ്. ആത്മീയമായ നിലിയിലും ജീവിച്ചിരിക്കേണ്ടതാണ്. ഹയ്യ് എന്ന വിശേഷഗുണത്തിൽനിന്ന് ഫലമെടുക്കേണ്ടതാണ്. അതിന് അവനെ ആരാധിക്കേണ്ടത് നിർബന്ധമാണ്. ആരാധിക്കാൻ സഹായവും അവനിൽനിന്ന് തേടേണ്ട ആവശ്യമുണ്ട്; അല്ലാഹുവിനെ ആരാധിക്കുന്നവരാകാൻ തൗഫീഖ് നല്കട്ടെയെന്ന്!). പറഞ്ഞു: ഹയ്യ് എന്ന പദം ആരാധനയെ ആഗ്രഹിക്കുന്നത് അവൻ സൃഷ്ടിച്ചതുകൊണ്ടാണ്. സൃഷ്ടിച്ച് വിട്ടുകളഞ്ഞില്ല. ഉദാഹരണത്തിന് കെട്ടിടം ഉണ്ടാക്കുന്നവൻ മരിച്ചതിനുശേഷം കെട്ടിടത്തിന് ഒരു കുറ്റവുമില്ലെന്ന പോലെ!"(ഒരാൾ ഒരു കെട്ടിടം നിർമിച്ചു. അവൻ മരിക്കുന്നതുകൊണ്ട് ആ കെട്ടിടത്തിന് ഒരു വ്യത്യാസവും വരുന്നില്ല). "എന്നാൽ, മനുഷ്യന് അല്ലാഹുവിന്റെ ആവശ്യം എല്ലാ അവസ്ഥയിലും വേണ്ടതാണ്."(മനുഷ്യന് അല്ലാഹുവിനെ ഏതവസ്ഥയിലും ആവശ്യമുണ്ട്)."അതുകൊണ്ട് അല്ലാഹുവിനോടു കഴിവുകൾ തേടിക്കൊണ്ടിരിക്കേണ്ടത് മനുഷ്യന് അത്യാവശ്യമാണ്; ഇതുതന്നെയാണ് ഇസ്തിഗ്ഫാർ."(മൽഫൂദാത്ത് വാല്യം 3 പേജ് 217, 1985 ലണ്ടൻ പതിപ്പ്).

ഇസ്തിഗ്ഫാറിനെ കുറിച്ചുള്ള വിശദീകരണം മുമ്പേ കഴിഞ്ഞിട്ടുള്ളതാണ്; അതായത് അല്ലാഹുവിന്റെ കൃപാവരത്തിന്റെ വെളിച്ചത്തെ നിരന്തരം മുന്നോട്ടു കൊണ്ടുപോകുന്നതിന് ഇസ്തിഗ്ഫാറിന്റെ ആവശ്യമുണ്ടെന്ന്. ഈ ഇസ്തിഗ്ഫാർതന്നെ ആരാധനയാണ്. അതുമുഖേന ശക്തി നല്കപ്പെടുന്നു.

ആയത്തുൽ കുർസിയിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന ശഫാഅത്തിനെ(ശിപാർശ)ക്കുറിച്ച് വിശദീകരിച്ചു കൊണ്ട് അവിടന്ന് ഇപ്രകാരം പറഞ്ഞു: 'ഓരോ മനുഷ്യനും മറ്റുള്ളവർക്കുവേണ്ടി പ്രാർഥിക്കുമ്പോൾ അതും ഒരുവിധത്തിൽ ശഫാഅത്താണ്. ഒരു വിശ്വാസിയിൽ എപ്പോഴും ദുആ ചെയ്യുന്ന ഈ ഗുണം ഉണ്ടായിരിക്കേണ്ടതാണ്.' അവിടന്ന് പറയുന്നു: 'അല്ലാഹുവിന്റെ അനുമതിയില്ലാതെ ഒരു ശിപാർശയും നടക്കുകയില്ല."(അല്ലാഹു പറഞ്ഞു തന്നിരിക്കുന്നു:)"വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ ശഫഅത്തിന്റെ അർഥം, ഒരാൾ തന്റെ സഹോദരനുവേണ്ടി ദുആ ചെയ്യുമ്പോൾ ആ ഉദ്ദേശ്യം ആ സഹോദരന് ലഭിക്കുക അല്ലെങ്കിൽ നാശം അകലുക എന്നാണ്."(ആരെങ്കിലും ഏതെങ്കിലും ഉദ്ദേശ്യസാഫല്യത്തിനായി ദുആയ്ക്കു പറയുമ്പോൾ അത് പൂർത്തിയാകുക. ഇനി നാശമോ ബലായോ ആണെങ്കിൽ അത് അകന്നുപോകുക). പറയുന്നു: 'അല്ലാഹുവിന്റെ മുന്നിൽ കൂടുതൽ കുനിയുന്നവൻ തന്റെ ബലഹീനനായ സഹോദരനും ആ പദവി ലഭിക്കുന്നതിനുവേണ്ടി പ്രാർഥിക്കണം എന്നതാണ് വിശുദ്ധഖുർആനിന്റെ കല്പന. ഇതാണ് ശഫാഅത്തിന്റെ യാഥാർഥ്യം. അതുകൊണ്ടു നാം സ്വസഹോദരങ്ങൾക്കു വേണ്ടി അവർക്ക് കഴിവു ലഭിക്കാനും ദുരിതങ്ങൾ അകലാനും തീർച്ചയായും പ്രാർഥിക്കേണ്ടതാണ്. ഒരു വിധത്തിലുള്ള അനുകമ്പയാണത്.' (നസീമെ ദഅ്‌വത്ത്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 463)

വീണ്ടും അവിടന്ന് പറഞ്ഞു: 'എല്ലാ മനുഷ്യരും ഒരു ശരീരം പോലെയാണ്. അതുകൊണ്ടാണ് ശഫാഅത്ത് സ്വീകരിക്കാനുള്ള അധികാരം അല്ലാഹുവിനാണെങ്കിലും നിങ്ങൾ സ്വസഹോദരന്മാർക്കു വേണ്ടിയുള്ള ശഫാഅത്തിൽ, അതായത് അവർക്കുവേണ്ടി പ്രാർഥിക്കുന്നതിൽ മുഴുകുകയും നിങ്ങൾ പരസ്പരം കടമകളുള്ളവരായതിനാൽ അനുകമ്പാർദ്രമായ പ്രാർഥന ചെയ്തു കൊണ്ടിരിക്കുകയും ചെയ്യുക എന്ന് അല്ലാഹു ആവർത്തിച്ചു പറഞ്ഞിരിക്കുന്നത്. ശഫാഅത്തിൽ നിന്ന് അതായത് സഹതാപത്തിനുള്ള ദുആയിൽ നിന്ന് പിന്മാറരുത്;നിങ്ങൾക്ക് പരസ്പരം കടമകളുണ്ട്. (പരസ്പരം ദുആ ചെയ്യുക എന്നത് പരസ്പരമുള്ള കടമയാണ്). യഥാർഥത്തിൽ ശഫാഅത്ത് എന്ന പദം ശഫ്ഉൻ എന്നതിൽനിന്ന് എടുക്കപ്പെട്ടതാണ്. ശഫ്ഉൻ ജോഡിയ്ക്കാണ് പറയുന്നത്. അത് ഒറ്റ എന്നതിന്റെ വിപരീതമാണ്. മനുഷ്യൻ പൂർണമായ സഹതാപത്തോടുകൂടി മറ്റുള്ളവരുടെ ജോഡിയായിക്കൊണ്ട് അവരിൽ അലിഞ്ഞുചേരുകയും സ്വന്തം ആത്മാവിനു വേണ്ടി സൗഖ്യത്തിന് പ്രാർഥിക്കുന്നതുപോലെ മറ്റുള്ളവർക്കുവേണ്ടിയും തേടുകയും ചെയ്യുമ്പോഴാണ് അവൻ ശിപാർശകൻ എന്നു പറയപ്പെടുന്നത്. ശഫാഅത്തിന്റെ വർണത്തിൽ സഹതാപം ഉണ്ടാകാത്തിടത്തോളം ഒരാളുടേയും ദീൻ പൂർണമാകുകയില്ലെന്ന് ഓർക്കുക."(പരസ്പരം അങ്ങേയറ്റത്തെ സഹതാപം ഉണ്ടാകേണ്ടതാണ്).

അവിടന്ന് പറഞ്ഞു: ദീനിന് രണ്ടു ഭാഗമുണ്ട്. ഒന്ന്, ദൈവത്തെ സ്നേഹിക്കുക. മറ്റൊന്ന്, സമസൃഷ്ടികളെ എത്രമാത്രം സ്നേഹിക്കണമെന്നാൽ അവരുടെ ദുരിതങ്ങളെ സ്വന്തം ദുരിതങ്ങളായി മനസ്സിലാക്കിക്കൊണ്ട് അവർക്കുവേണ്ടി പ്രാർഥിക്കുക. ഇതിനെയാണ് മറ്റു വാക്കുകളിൽ ശഫാഅത്ത് എന്നു പറയുന്നത്. (നസീമെ ദഅ്‌വത്ത്, റൂഹാനീ ഖസാഇൻ വാല്യം 19 പേജ് 464)

ആയത്തുൽ കുർസി പാരായണം ചെയ്യുമ്പോൾ ഈ കാര്യം നാം മുമ്പിൽ വെയ്ക്കുകയാണെങ്കിൽ മാനവകുലത്തോടുള്ള സ്നേഹവിചാരം നമ്മിൽ വർധിക്കുന്നതാണ്.

ഇതു പാരായണം ചെയ്യാൻ നബി(സ)തിരുമേനി ഉപദേശിക്കുമ്പോൾ, അതിൽ വിശ്വാസികൾ പരസ്പരം അനുകമ്പയോടെ വർത്തിക്കണമെന്ന സവിശേഷമായ നിർദേശവും എല്ലാവരും പരസ്പരം സ്നേഹവിചാരം മനസ്സിൽ സൂക്ഷിക്കണമെന്ന പൊതുനിർദേശവും ഉൾക്കൊള്ളുന്നുണ്ട്. പക്ഷേ, മുസ്‌ലീംകൾ ഇക്കാലത്ത് പരസ്പരം ഒരാൾ മറ്റൊരാളുടെ രക്തത്തിനുവേണ്ടി ദാഹിക്കുന്നവരാണെന്നത് ദൗർഭാഗ്യകരമാണ്. വാദമാണെങ്കിലോ തങ്ങൾ ഖുർആനും ഹദീഥുമനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാണെന്നും! എന്തായാലും യഥാർഥമായ ശഫാഅത്തിന്റെ അവകാശം അല്ലാഹു നബി(സ)തിരുമേനിക്കു നല്കിയിരിക്കുന്നുവെന്നത് ഓർമയുണ്ടാകേണ്ടതാണ്. അതിന്റെ ദൃശ്യങ്ങൾ അവിടത്തെ ജീവിതത്തിൽ നമ്മൾ കണ്ടു. അതു വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:'ലോകത്ത് ശഫാഅത്തിന്റെ എന്തെങ്കിലും മാതൃക കാണിച്ചവൻ മാത്രമേ ആഖിറത്തിന്റെ ശിപാർശകനായി സ്ഥാപിതമാകുകയുള്ളൂ. (ലോകത്ത് ശഫാഅത്തിന്റെ എന്തെങ്കിലും മാതൃക കാണിച്ചവനായിരിക്കും ആഖിറത്തിലും ശിപാർശകനായിരിക്കുക. ഇതുതന്നെയാണ് നബി(സ)തിരുമേനിയെ സംബന്ധിച്ച് വന്നിട്ടുള്ളത്; അവിടന്ന് ശിപാർശ ചെയ്യുമെന്ന്). 'ഈ നിലവാരം മുന്നിൽവച്ചുകൊണ്ട് നമ്മൾ മൂസായുടെ മേൽ ദൃഷ്ടി പതിപ്പിക്കുമ്പോൾ അദ്ദേഹവും ശിപാർശകനാണെന്ന് സ്ഥാപിതമാകുന്നു. കാരണം പല പ്രവാശ്യവും അദ്ദേഹം ഇറങ്ങാൻപോകുന്ന ശിക്ഷകൾ ദുആ മുഖേന ഇല്ലാതാക്കി. അതിന് തൗറാത്ത് സാക്ഷിയാണ്. ഇപ്രകാരം നമ്മൾ നബി(സ)തിരുമേനിയുടെമേൽ ദൃഷ്ടിപതിപ്പിക്കുമ്പോൾ അവിടന്ന് ശിപാർശകനാകുക എന്നത് അവിതർക്കിതമാണെന്ന് മനസ്സിലാകുന്നു."(അതായത് വളരെ വ്യക്തവും തെളിമയാർന്നതും പ്രകാശമാനവുമായ നിലയിൽ കാണാൻ കഴിയുന്നു).'കാരണം ദരിദ്രരായ സ്വഹാബാക്കളെ സിംഹാസനത്തിൽ ഇരുത്തിയത് അവിടത്തെ ശഫാഅത്തിന്റെതന്നെ സ്വാധീനമായിരുന്നു. ബിംബാരാധയിലും ബഹുദൈവവിശ്വാസത്തിലും വളർന്നു വന്നിരുന്നവർ ലോകത്തൊന്നും തുല്യത ലഭിക്കാത്തവിധം ഏകദൈവ വിശ്വാസികളായിത്തീർന്നത് അവിടത്തെ ശഫാഅത്തിന്റെതന്നെ സ്വാധീനമായിരുന്നു. ഇപ്പോഴും നബി(സ)തിരുമേനിയെ പിൻപറ്റുന്നവർ അല്ലാഹുവിന്റെ സത്യമായ ഇൽഹാം പ്രാപിക്കുന്നുവെന്നതും അവിടത്തെ ശഫാഅത്തിന്റെതന്നെ സ്വാധീനമാണ്;അല്ലാഹു അവരുമായി സംസാരിക്കുന്നു. എന്നാൽ മർയമിന്റെ മകൻ ഈസായിൽ ഈ എല്ലാ തെളിവുകളും എങ്ങനെ എവിടന്ന് ലഭിക്കാനാണ്?" പറഞ്ഞു: നമ്മുടെ സയ്യിദ്‌വ മൗലാ മുഹമ്മദു മുസ്തഫാ(സ)യുടെ ശഫാഅത്തുകൊണ്ട് നാം ആ ജനാബിനുവേണ്ടി എന്തൊന്ന് അല്ലഹുവിൽനിന്ന് പ്രാപിക്കുന്നുവോ അവ നമ്മുടെ ശത്രുക്കൾക്ക് പ്രാപിക്കാൻ കഴിയു

കയില്ലെന്നതിനെക്കാൾ ഉന്നതവും ഉഗ്രവുമായ സാക്ഷ്യം മറ്റെന്താണ് വേണ്ടത്. നമ്മുടെ എതിരാളികൾ ഈ പരീക്ഷയിലേക്കു വന്നാൽ കുറച്ചു ദിവസത്തിനുള്ളിൽ താരുമാനമാകാനിടയുണ്ട്." (ഇസ്‌മത്തെ അമ്പിയാ, റൂഹാനീ ഖസാഇൻ വാല്യം 18 പേജ് 699–700)

ആയത്തുൽ കുർസിയുടെ അന്ത്യത്തിൽ അല്ലാഹവിന്റെ രണ്ട് ഗുണനാമങ്ങളെക്കുറിച്ച് പ്രതിപാദിച്ചിരിക്കുന്നു. അതായത്, അവൻ അലിയ്യുൻ ആകുന്നു; അത്യുന്നതൻ. അവനേക്കൾ ഉന്നതമായ മഹത്ത്വം മറ്റാർക്കുമില്ല. ആകാശഭൂമികളുടെ ഉടമസ്ഥനാണവൻ. അവൻ മഹാനുഭാവനാകുന്നു. മറ്റാർക്കും എത്തിപ്പെടാൻ കഴിയാത്ത വിധം ഉയർന്നു നില്ക്കുന്നു അവന്റെ ശ്രേഷ്ഠതയും മഹത്ത്വവും. അവന്റെ ഉന്നതമായ മാഹാത്മ്യം എല്ലാ വസ്തുക്കളെയും വലയം ചെയ്തിരിക്കുന്നു. അവന്റെ വൃത്തപരിധിയിൽ നിന്ന് ഒരു വസ്തുവും പുറത്തല്ല. അലിയ്യ് ആകുക എന്നത് അവന്റെ അത്യുന്നതമായ തേജോവിലാസമാണ്. അളീം ആകുക എന്നതിന്റെ അർഥം അവന്റെ മഹത്ത്വവും അവന്റെ വലുപ്പവും ഉന്നതമായ തേജോവിലാസത്തിന്റെ സ്ഥാനമാണ്. അതുവരെ എത്താൻ ആർക്കും സാധ്യമല്ല. ഇതാണ് അളീം ആകുക എന്നതിന്റെ അർഥം. അളീം ആകുക എന്നതിന് എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു എന്നും അർഥമുണ്ട്. ഒരു വസ്തുവും അവന്റെ വൃത്തത്തിന് വെളിയിലില്ല. ഇതാണ് അവന്റെ മഹത്ത്വവും ഉന്നതിയും.

ഈ വചനത്തിന്റെ അവസാന ഭാഗത്തെ വിശദീകരിച്ചു കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: അല്ലാഹുവിന്റെ സിംഹാസനത്തെ സംബന്ധിച്ചുള്ള ആയത്ത് ഇതാണ്. *വസിഅ കുർസിയ്യുഹുസ്സമാവാത്തി വൽ അർള. വലായഊദുഹു ഹിഫ്ളുഹുമാ വഹുവൽ അലിയ്യുൽ അളീം.* അതായത്, ആകാശഭൂമികൾ സർവവും അവന്റെ സിംഹാസനത്തിനുള്ളിൽ സമാഹരിക്കപ്പെട്ടിരിക്കുന്നു. അവയെല്ലാം വഹിക്കുന്നത് അവനാണ്. അവയെ വഹിക്കുന്നത് അവനെ ഒട്ടും തന്നെ ക്ഷീണിപ്പിക്കുന്നില്ല. അവൻ അത്യുന്നതനാണ്. ഒരു യുക്തിക്കും അവന്റെ ഉള്ളറകളിലെത്താൻ സാധിക്കില്ല. അവൻ വളരെ വലിയവനാണ്. അവന്റെ മഹത്ത്വത്തിനു മുമ്പിൽ എല്ലാം നിഷ്പ്രഭമാണ്. ഇതാണ് അല്ലാഹുവിന്റെ സിംഹാസനം. ഒരു ആലങ്കാരിക പ്രയോഗം മാത്രമാണിത്. ആകാശഭൂമികൾ അല്ലാഹുവിന്റെ നിയന്ത്രണത്തിലാണ് എന്ന് കാണിക്കാൻ വേണ്ടിയാണിത്. അവന്റെ സ്ഥാനം ഇവയിൽ നിന്നെല്ലാം എത്രയോ ദൂരത്താണ്. അവന്റെ മഹത്ത്വമാണെങ്കിൽ അതിരില്ലാത്തതുമാണ്.'(ചശ്‌മയെ മഅ്‌രിഫത്ത് റൂഹാനീ ഖസാഇൻ വാല്യം 23, പേജ് 118 അടിക്കുറിപ്പ്)

ഇതാണ് ആ മഹത്തായ ദൈവം. അവന്റെ മഹത്ത്വത്തിന് ഒരു കരയുമില്ല. അവന്റെ അതിരുകൾ അപരിമിതമാണ്. അവൻ എല്ലാ വസ്തുക്കളേയും വലയം ചെയ്തിരിക്കുന്നു. അവന് ഒരു അതിരുമില്ല . എല്ലാ വസ്തുക്കളും അവന്റെ അതിർത്തിക്കുള്ളിലാണ്. എല്ലാ വസ്തുക്കളേയും അവൻ വലയം ചെയ്തിരിക്കുന്നു. മനുഷ്യന് ഇക്കാര്യങ്ങൾ മനസ്സിലാകുകയും ഇതുമനസ്സിലാക്കി അവൻ ആയത്തുകൾ വായിക്കുകയും ചെയ്യുമ്പോൾ മാത്രമേ അല്ലാഹുവിന്റെ മടത്തട്ടിൽ വരാനും അവന്റെ സംരക്ഷണത്തിൽ കഴിയാനും അവന് സാധിക്കുകയുള്ളൂ. മനുഷ്യൻ അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരാൻ ശ്രമിക്കുമ്പോൾ അവൻ അല്ലാഹുവിനോടുള്ള കടമകളും മനുഷ്യരോടുള്ള കടമകളും നിറവേറ്റാൻ ശ്രമിക്കുന്നു. ശ്രമിക്കേണ്ടതുമാണ്. ഈ കടമകൾ നിറവേറ്റപ്പെട്ടുകൊണ്ടിരിക്കുമ്പോൾ അല്ലാഹുവും അവനെ കാത്തുസംരക്ഷിച്ചുകൊണ്ടു പോകുന്നതാണ്.

ഈ ആയത്തുകൾ ഓതുന്നവൻ അല്ലാഹുവിന്റെ സംരക്ഷണത്തിലിരിക്കുമെന്ന് നബി(സ)തിരുമേനി തന്റെ മുന്നിൽവെച്ചുകൊണ്ട് നമ്മെ ഉപദേശിച്ച വിഷയം ഇതാണ്. ഈ ആയത്തുകൾ വെറുതെ ഓതിയാൽ മാത്രം പോര. മറിച്ച്, അതിന്റെ വിഷയങ്ങളിൽ ചിന്തിച്ച് അവയെ സ്വായത്തമാക്കേണ്ട ആവശ്യമുണ്ട്. ഈ ആയത്തുകളെ കുറിച്ച് നബി(സ)തിരുമേനി പറഞ്ഞ ആ ചിന്തയും ആ ഗ്രാഹ്യവും കരസ്ഥമാക്കേണ്ട ആവശ്യവുമുണ്ട്. വിശുദ്ധ ഖുർആൻ അതിന്റെ വിശദീകരണം പലയിടത്തും നല്കി. പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) അത് നമ്മുടെ മുമ്പിൽ തുറന്നു വെച്ചു. ഇക്കാര്യങ്ങൾ ഉണ്ടാകുകയാണെങ്കിൽ മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ സംരക്ഷണത്തിലിരിക്കുന്നതായിരിക്കും. അല്ലാഹു നമുക്ക് അതനുസരിച്ച് ജീവിക്കാനുള്ള തൗഫീഖ് നല്കുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഇന്നും ഞാൻ ഒരു ജനാസ ഗാഇബ് നമസ്കരിക്കുന്നതാണ്. പ്രൊഫസർ അബ്ദുൽഖാദിർ ഡാഹ്‌രി സാഹിബിന്റെ ഭാര്യ ആബിദ ബീഗം സാഹിബയുടേതാണ് ഈ ജനാസ. നവാബ്ശാഹ് വാസിയായിരുന്നു. 2018 ജനുവരി 22ന് 75–ാം വയസ്സിൽ അവർ ഇഹലോകവാസം വെടിഞ്ഞു. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. അവരുടെ പിതാവിന്റെ പേര് നിയാസ് മുഹമ്മദു ഖാൻ എന്നായിരുന്നു. ഇദ്ദേഹം സർക്കാർ ഓഫീസറായിരുന്നു. ആദ്യം അവിടെ കിഴക്കൻ പാക്കിസ്താനിലും പിന്നീട് കറാച്ചിയിലും ചീഫ് കമ്മീഷണറായിരുന്നു. പക്ഷേ, അദ്ദേഹം അഹ്‌മദിയായിരുന്നില്ല. ആബിദ ബീഗമിന്റെ മാതാവ് അഹ്‌മദിയായിരുന്നു. മക്കളിൽ ആബിദ ബീഗമാണ് അഹ്‌മദിയായത്. അവർ 1963–ൽ ബയ്അത്തു ചെയ്തു. അതിനുശേഷം അല്ലാഹുവിന്റെ കൃപയാൽ വസിയ്യത്തും ചെയ്തു. പിന്നീട് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിഥ് തന്നെ അവരുടെ വിവാഹം, വിദ്യാഭ്യാസം പൂർത്തിയാക്കി, ബി.എ ചെയ്തതിനുശേഷം പ്രൊഫസർ അബ്ദുൽഖാദിർ ഡാഹ്‌രി സാഹിബുമായി നടത്തി. അവർക്ക് അല്ലാഹു അഞ്ച് പെൺമക്കളേയും ഒരു മകനേയും നല്കി അനുഗ്രഹിച്ചു. നവാബ്ശാഹ് നഗരത്തിന്റെ സ്വദ്ർ ലജ്നയായിരുന്നു. പിന്നീട് ദീർഘകാലം നവാബ്ശാഹ് ജില്ല സ്വദ്റായിരുന്നു. ധാരാളം സേവനത്തിനു അവസരം കിട്ടി. സ്വദ്ർ ആയിരിക്കുന്നതിന്നിടയിൽ മീറ്റിംഗ് സംഘടിപ്പിക്കുന്നതിൽ ലജ്നയോടു തികഞ്ഞ നിലയിൽ ബന്ധപ്പെട്ടുകൊണ്ടിരുന്നു. ജില്ലയിലെ പര്യടനം ദൂരദൂര പ്രദേശങ്ങളിൽ നടത്തിയിരുന്നു. സമ്പന്നരായ വീട്ടുകാരുമായി ബന്ധമായിരുന്നെങ്കിലും സ്വയം അങ്ങേയറ്റം സാദാ സ്വഭാവമായിരന്നു. ദുർബലരേയും ദരിദ്രരേയും സഹായിച്ചിരുന്നു. ബലഹീനരായ അഹ്‌മദി വീടുകളിൽ നിർബന്ധമായും പോകാറുണ്ടായിരുന്നു. തബ്‌ലീഗ് ചെയ്യുന്നതിൽ വളരെ താൽപര്യമായിരുന്നു. നവാബ്ശാഹിൽനിന്ന് അവർ ഏകദേശം 17 സ്ത്രീകളെ തബ്‌ലീഗ് ബയ്അത്ത് ചെയ്യിച്ചിരുന്നു. വീടിനു ചുറ്റുവട്ടത്ത് താമിസുക്കുന്ന കുട്ടികളെ വിശുദ്ധ ഖുർആനും പഠിപ്പിച്ചിരുന്നു. അവരുടെ ഭർത്താവിന് സിന്ധ് ഭാഷയിൽ വിശുദ്ധഖുർആൻ തർജമ ചെയ്യാൻ സൗഭാഗ്യം കിട്ടി. അദ്ദേഹം നവാബ്ശാഹ് നഗരത്തിന്റെ അമീറുമായിട്ടുണ്ട്. പിന്നീട് നവാബ്ശാഹ് ജില്ലാ അമീറുമായി. ഇപ്പോൾ അദ്ദേഹത്തിന്റെ മകനാണ് ജില്ല അമീർ. കുട്ടികൾക്ക് അവർ ഉയർന്ന വിദ്യാഭ്യാസം നല്കിച്ചു. അങ്ങേയറ്റം ആരാധനാകർമങ്ങൾ നിർവഹിക്കുന്നവരും നിർഭയയും ധൈര്യവതിയും ക്ഷമിക്കുന്നവരും നന്ദികാണിക്കുന്നവരും ലളിതമായ സ്വാഭാവത്തിന്റെ ഉടമയുമായിരുന്നു. അനുരക്തയും കൂറുള്ള സ്ത്രീയുമായിരുന്നു. ജമാഅത്തിനോടും ഖിലാഫത്തിനോടും പരമമായ സ്നേഹത്തിന്റേയും വിശ്വാസത്തിന്റേയും ബന്ധമായിരുന്നു. അവരുടെ മകൻ എഴുതുന്നു: എല്ലാ പ്രവൃത്തിയിലും ഖലീഫത്തുൽ മസീഹിന്റെ മാർഗനിർദേശം കരസ്ഥമാക്കാൻ ശ്രമിച്ചിരുന്നു. എത്രത്തോളമെന്നാൽ രണ്ടു വർഷം മുമ്പേ തീരെ സുഖമില്ലാതായി, പ്രമേഹം കാരണത്താൽ കാലിൽ വ്രണമുണ്ടായപ്പോൾ കാലു മുറിക്കേണ്ട ആവശ്യം വന്നു. ഖലീഫത്തുൽ മസീഹിൽനിന്ന് അനുവാദം കിട്ടാത്തിടത്തോളം താൻ ഓപ്പറേഷൻ ചെയ്യിക്കുകയില്ലെന്ന് അവർ പറഞ്ഞു. പല ദിവസങ്ങൾ അതും പ്രതീക്ഷിച്ചിരുന്നു. എന്നിൽനിന്ന് അനുവാദം കിട്ടുന്നതുവരെ കാലു മുറിക്കാൻ സമ്മതിച്ചില്ല. അതിനുശേഷം ഇനി എന്തുവേണമെങ്കിലും ചെയ്തുകൊള്ളുക എന്നവർ പറഞ്ഞു. അല്ലാഹുവിന്റെ കൃപയാൽ ബയ്അത്തിനുശേഷം സ്ത്രീയായിരുന്നിട്ടും അവരുടെ സ്ഥൈര്യത്തിന്റെ അവസ്ഥ എന്തായിരുന്നുവെന്നാൽ–ഇവരും ഇവരുടെ മാതാവും അഹ്‌മദിയായിരുന്നു, മാതാവിന്റെ വഫാത്തിനുശേഷം അവരുടെ സഹോദരങ്ങൾ എവിടെയോ അനഹ്‌മദികളുടെ ഖബ്ർസ്താനിൽത്തന്നെ അവരെ മറയടക്കി. മാതാവ് മുസിയ ആയിരുന്നു. അവർ സഹോദരന്മാരിൽനിന്ന് സമ്മർദം ഉണ്ടായിട്ടും അവിടെനിന്ന് മയ്യിത്തെടുപ്പിക്കുകയും മയ്യിത്ത് റബ്‌വയിൽകൊണ്ടുവരികയും ബിഹിശ്തി മഖ്ബറയിൽ മറയടക്കുകയും ചെയ്തു.

ദൈവകൃപയാൽ എല്ലാ കാര്യങ്ങളിലും യു ക്തിപൂർവം പ്രവൃത്തിക്കുന്നവരായിരുന്നു. ഖാദിയാനിലേയും യു.കെയിലേയും ജൽസകളിൽ പതിവായി പങ്കെടുത്തിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് അവരെ കുറിച്ച് അവരുടെ മകനോടു ഒരിക്കൽ പറഞ്ഞു: നിങ്ങളുടെ മാതാവ് അഹ്‌മദിയ്യത്തിന് നഗ്നമായൊരു വാളാണെന്ന് നിങ്ങൾക്കറിയുമോ? 85–ൽ സിയാ ഓർഡിനൻസിനുശേഷം കലിമ മായിക്കുകയായിരുന്നപ്പോൾ, തങ്ങളുടെ വീടുകളിൽ കലിമ എഴുതാൻ ജമാഅത്തിനോടു പറഞ്ഞപ്പോൾ ഏണിവച്ച് സ്വയം ടാങ്കിൽ കയറി സ്വന്തം കൈകൊണ്ട് കലിമ എഴുതിയാണ് കലിമയോടുള്ള സ്നേഹത്തിന്റെ തെളിവ് അവർ നല്കിയത്. വാസ്തവത്തിൽ ഒന്ന് അവർ സ്ത്രീയായിരുന്നു. രണ്ടാമത്തേത് എങ്ങനെയുള്ള കുടുംബമായിരുന്നുവെന്നാൽ പൊതുവെ ഇക്കാര്യങ്ങൾ വലിയ ലജ്ജയോടെയാണ് അവർ കണ്ടിരുന്നത്. അങ്ങനെ പോകുമ്പോൾ അവരുടെ അവസാനദിവസമായിരുന്നു. അവരുടെ മകൻ പറയുന്നു: മരിക്കുന്നതിന് കുറച്ചു സമയംമുമ്പേ ശ്വാസമെടുക്കുന്നതിൽ ബുദ്ധിമുട്ടുണ്ടായി. കുറച്ചു പൈസ മകന്റെ കൈയിൽ കൊടുത്തുകൊണ്ട് വഖ്ഫെ ജദീദ്, തഹ്‌രീക്കെ ജദീദിന്റെ ബാക്കിയുള്ള ചന്ദയാണെന്നും ഉടനെ അടയ്ക്കണമെന്നും പറഞ്ഞു.

അവർ അവിടെ അഹ്‌മദി വീട്ടുകാർക്ക് ഡിഷ് ഘടിപ്പിക്കുന്നതിനുവേണ്ടി ഒരു സ്കീം തുടങ്ങിയതെങ്ങനെയാണെന്നാൽ ..........ലജ്നയുടെ കമ്മിറ്റിയിട്ടു. ഓരോ മാസവും ആർക്കെങ്കിലും കമ്മിററി കിട്ടുമായിരുന്നു. അതുമുഖേന എല്ലാ വീട്ടിലും ഡിഷ് ഘടിപ്പിക്കപ്പെടുമായിരുന്നു. അതുമുഖേന ഖുത്ബ കേൾക്കാനുള്ള ഏർപാടുണ്ടാകുമായിരുന്നു. അവരുടെ ജാമാതാവ് മിർസാ അഹ്‌സൻ ഇംറാൻ ഓസ്ട്രേലിയ ജമാഅത്തിന്റെ ഭാരവാഹിയാണ്. അദ്ദേഹവും എഴുതുന്നു: വലിയ നിർഭയയും ധീരയും അഹ്‌മദിയ്യത്തിനുവേണ്ടി എപ്പോഴും ത്യാഗം ചെയ്യുന്നതിന് തയ്യാറുമായിരുന്നു. ഖുർആൻപാരായണവും പ്രസംഗങ്ങളും പതിവായി ചെയ്യുകയും കേൾക്കുകയും ചെയ്തിരുന്നു. സിന്ധി ഭാഷ അറിയാതിരുന്നിട്ടും എന്നല്ല ഉർദുവും ശരിയായ നിലയിൽ അറിയുമായിരുന്നില്ല. സർക്കാർ ഓഫീസറുടെ മകൾ ആയ കാരണത്താൽ ആദ്യം കിഴക്കൻ പാക്കിസ്താനിൽ താമസിച്ചു, പിന്നീട് മറ്റു സ്ഥലങ്ങളിലും താമസിച്ചു. ഇംഗ്ലീഷ് സ്കൂളുകളിലും പഠിച്ചു. അവരുടെ ഇംഗ്ലീഷു ഭാഷ വളരെ നല്ലതായിരുന്നു. പക്ഷേ, അവർ വിവാഹത്തിനുശേഷം തന്റെ ചുറ്റുവട്ടത്ത് സ്വയമേവ അഡ്ജസ്റ്റു ചെയ്തു. ആ അന്തരീക്ഷത്തിൽ ജീവിച്ച് സിന്ധി ഭാഷയും പഠിച്ചു. തന്റെ അനഹ്‌മദികളായ സിന്ധി ബന്ധുക്കൾക്ക് തബ്‌ലീഗും ചെയ്തിരുന്നു.

അല്ലാഹു അവരോടു മഗ്ഫിറത്തോടും കരുണയോടുംകൂടി പെരുമാറട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. അവരുടെ മക്കൾക്കും അവരുടെ നന്മയിലൂടെ നടക്കുന്നതിന് തൗഫീഖ് നല്കുമാറാകട്ടെ.

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാനകാലത്തെ മഹാനായ മതനേതാവാണ്.**

**അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മൃദുലഹൃദയനും വിനീതനും വിശുദ്ധമനുഷ്യനുമാണ്.**

● "അഹ്മദീ സ്നേഹിതരുമായി ബന്ധപ്പെട്ടപ്പോൾ ഞാനാദ്യമായി ഇസ്ലാമിക പ്രാർഥനകൾ ചൊല്ലി. ഇസ്ലാമിന്റെ അടിത്തറ സ്നേഹത്തിലും ശാന്തിയിലുമാണ്. അഹ്ദികളുമായി ബന്ധമുണ്ടായതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ഞങ്ങൾ അഹ്മദികളിൽ വെറും സ്നേഹവും പ്രീതിയുമാണ് കണ്ടത്. ഞങ്ങളെ ഇവിടെ പരിഗണിച്ചത് ഞങ്ങൾക്ക് പറയാൻ കഴിയുകയില്ല. ഞങ്ങൾ അമേരിക്കയിൽപോയി അഹ്മദിയ്യാ ഖിലാഫത്തിനെ കുറിച്ച് ജനങ്ങളോട് പറയുന്നതാണ്. ഞങ്ങളിൽ ചിലർ അഹ്മദി മുസ്ലീംകൾ ആകുമെന്നാണ് ഞങ്ങൾക്കു തേന്നുന്നത്. ഹുദൂർ തികച്ചും ഋജുവായതും ശുദ്ധമായതുമായ കാര്യം പറയുന്നു. വളരെ മൃദുലഹൃദയനും ദയാലുവുമാണ്. ഹുദൂർ അമേരിക്കയിൽ വരണമെന്നതും അവിടെ വന്ന് ഞങ്ങൾക്ക് മാർഗദർശനം നൽകണമെന്നുള്ളതും ബുദ്ധമതക്കാരെ കാണണമെന്നതും ഞങ്ങളുടെ ആഗ്രഹമാണ്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാനകാലത്തെ മഹാനായ മതനേതാവാണ്." (ബുദ്ധിസ്റ്റ് സംഘടനയായ CSSന്റെ സ്ഥാപകനേതാവും പ്രസിഡന്റും)

● "അഹ്മദിയ്യാ ജമാഅത്തിന്റെ ആതിഥ്യമര്യാദയിൽ ഞാൻ വളരെയേറെ ആകൃഷ്ടനാണ്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും പ്രകൃതി ദുരന്തങ്ങൾ ഉണ്ടാകുന്ന അവസരങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. വിജ്ഞാനരംഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങൾ സ്തുത്യർഹമാണ്." (സംഘത്തിലെ ഒരംഗം Naoka Nakajima)

● "എപ്രകാരം സന്നദ്ധസേവകർ ഞങ്ങൾക്ക് ചെയ്ത സേവനവും ഞങ്ങളുടെ ഓരോ ആവശ്യവും ശ്രദ്ധിച്ചതും അതിശ്രേഷ്ഠവും ആകർഷണീയവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായുള്ള കൂടിക്കാഴ്ച എല്ലാറ്റിനുമുപരിയായിരുന്നു. ഞാൻ കണ്ടിട്ടുള്ള മതനേതാക്കൻമാരിൽവച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ നല്ല സ്നേഹിതനും മൃദുലഹൃദയനുമാണ്." (സംഘത്തിലെ ഒരു മെംമ്പർ Minh Tam Nelson)

● "ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് പ്രത്യേക നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹം തന്റെ വിലപ്പെട്ട സമയം ഞങ്ങൾക്കു തന്നു. നിസ്സംശയം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മൃദുലഹൃദയനും വിനീതനും വിശുദ്ധമനുഷ്യനുമാണ്." (സംഘത്തിലെ Wen Wah chew സാഹിബ്.)

**ജൽസയിൽ പങ്കെടുത്ത അമേരിക്കയിലെ ബുദ്ധമതത്തിന്റെ ആദരണീയ അതിഥികളുടെ വിശ്വാസവർധനവിനുതകുന്ന പ്രതികരണങ്ങൾ.**

ജമൈക്കാർക്കു മാത്രമല്ല, മറിച്ച് നമ്മുടെ പദ്ധതികൾ മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ഇസ്ലാമിന്റെ സമാധാനനിർഭരമായ അധ്യാപനങ്ങളെ ലോകമെങ്ങും വ്യാപിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ മിഷൻ.

**കൂടിക്കാഴ്ചാവേളയിൽ അതിഥികളോട് ഹുദൂറിന്റെ മഹത്തായ അഭിപ്രായപ്രകടനം**

ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽനിന്ന് ജൽസയിൽ പങ്കെടുക്കാനെത്തിയ സംഘങ്ങളുമായി ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ കൂടിക്കാഴ്ചകൾ.

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച) (ഭാഗം 2).*

**los angeles (അമേരിക്ക)ൽനിന്ന് ബുദ്ധമതവുമായി ബന്ധം വെക്കുന്ന സംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച:**

അതിനുശേഷം los angelesൽ നിന്നുള്ള ബുദ്ധമതവുമായി ബന്ധം വെക്കുന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. los angelesലെ ബുദ്ധമതത്തിന്റെ ശാഖയായ Compassionate Service Society(CSS) എന്ന സംഘത്തിൽ 21 അംഗങ്ങളുണ്ടായിരുന്നു. ജൽസയിൽ പങ്കെടുത്ത ഇവർ ഹുദൂറിനേയും കണ്ടു.

☆ ഈ സംഘടനയുടെ സ്ഥാപകനും പ്രസിഡന്റുമായ Nhan Khac Le ആദ്യം അംഗങ്ങളെ ഹുദൂറിന് പരിചയപ്പെടുത്തി. ഇവരിൽ ഡോക്ടർ, എഞ്ചിനീയേഴ്സ്, ജേർണലിസ്റ്റ്, വിവിധ ജീവിതരംഗങ്ങളുമായി ബന്ധമുള്ളവരും ഉണ്ടായിരുന്നു.

☆ സംഘത്തലവനും പ്രസിഡന്റുമായ Nhan Khac Le ഹുദൂറിനോടു പറഞ്ഞു: 'അഹ്മദീ സ്നേഹിതരുമായി ബന്ധപ്പെട്ടതു മുതൽ ആദ്യമായി ഇസ്ലാമിക പ്രാർഥനകൾ ചൊല്ലി. ഇസ്ലാമിന്റെ അടിസ്ഥാനം സ്നേഹത്തിലും സമാധാനത്തിലുമാണുള്ളത്. ഞങ്ങൾക്ക് അഹ്മദികളുമായി ബന്ധപ്പെടാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. ഞങ്ങൾ അഹ്മദികളിൽ സ്നേഹം മാത്രമാണ് ദർശിച്ചത്. ഇവിടെ ഞങ്ങളുടെ അഭിപ്രായങ്ങൾ അതേപോലെ ഞങ്ങൾക്ക് പറയാൻ പറ്റാത്ത അവസ്ഥയാണുള്ളത്.'

അദ്ദേഹം പറഞ്ഞു: 'വളരെ വ്യവസ്ഥാപിതമായ ജൽസയായിരുന്നു. അനുസരണത്തിന്റെ ഉന്നത നിലവാരമാണ് കണ്ടത്. എല്ലാവരും സന്നദ്ധ സേവനനിരതരാണ്. സേവനവികാരത്താൽ നിർഭരരാണ്. ഇതെല്ലാം ഹുദൂറിന്റെ കാരണത്താലാണ്. ഞങ്ങൾ ഇനി അമേരിക്കയിൽ പോയി ജനങ്ങളോട് അഹ്മദിയ്യാ ഖിലാഫത്തിനെ കുറിച്ച് പറഞ്ഞു കൊടുക്കുന്നതാണ്. ഞങ്ങളിൽ ചിലർ അഹ്മദി മുസ്ലീംകൾ ആകാനും സാദ്ധ്യതയുണ്ട്.'

ഹുദൂർ പറഞ്ഞു: 'ഈ ലോകത്ത് നമ്മൾ മനുഷ്യത്വത്തെ വിലമതിക്കേണ്ടതാണ്. ഇതേകാരണം കൊണ്ടാണ് ഞങ്ങൾ ഞങ്ങളുടെ മനുഷ്യസമുദായത്തെ സേവിക്കുന്ന സ്ഥാപനത്തിന് ഹ്യൂമാനിറ്റി ഫസ്റ്റ് എന്ന് നാമകരണം ചെയ്തത്.'

പ്രസിഡന്റ് പറഞ്ഞു: 'ഹുദൂർ തികച്ചും നേരേയും വ്യക്തമായുമാണ് സംസാരിക്കുന്നത്.വളരെ മൃദുലഹൃദയനും ദയാലുവുമാണ്. ഞങ്ങളുടെ ആഗ്രഹമാണ് ഹുദൂർ അമേരിക്കയിൽ വരണമെന്നുള്ളതും അവിടെ വന്ന് ഞങ്ങൾക്ക് മാർഗ്ഗദർശനം നൽകണമെന്നുള്ളതും. ബുദ്ധമതസ്ഥരെ കാണണം.'

അപ്പോൾ ഹുദൂർ പറഞ്ഞു: 'ഞങ്ങൾ ഹദ്റത്ത് ബുദ്ധനെ(അ)നെ ദൈവത്തിന്റെ ഒരു നബിയായിട്ടാണ് മനസ്സിലാക്കുന്നത്. ഹുദൂർ സംഘത്തലവനോട് ബുദ്ധമതത്തിലെ വിവിധ വിഭാഗക്കാരെ കുറിച്ച് അന്വേഷിച്ചു. കൂടിക്കാഴ്ചയ്ക്കൊടുവിൽ ഹുദൂറിന് അവർ ഒരു ഉപഹാരം സമർപ്പിച്ചു. 1500 വർഷം പഴക്കമുള്ള പുരാതന തടിയിൽ നിന്നാണ് ഇത് നിർമിച്ചിട്ടുള്ളതെന്നും വളരെ പ്രത്യേകതയുള്ളതാണെന്നും അവർ പറഞ്ഞു.'

☆ ഈ സംഘടനുടെ Founderഉം പ്രസിഡന്റുമായ Nhan Khac Lek സാഹിബ് പറഞ്ഞു: 'സന്നദ്ധസേവകർ 38000 വ്യക്തികൾക്ക് വേണ്ടി നടത്തിയ സേവനങ്ങൾ സ്തുത്യർഹമാണ്. ഞാൻ ഇവിടെ നിന്നും പോസിറ്റീവും വിശ്വാസം ദൃഢീകരിക്കുന്നതുമായ ഊർജവും കൊണ്ടാണ് തിരിച്ചു പോകുന്നത്. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വർത്തമാന കാലഘട്ടത്തിലെ മഹാനായ മതനേതാവാണ്.'

☆ ആ സംഘത്തിലെ ഒരംഗം Naoko Nakajima സാഹിബ തന്റെ അനുഭവങ്ങൾ വിവരിച്ചു കൊണ്ട് പറഞ്ഞു:'അഹ്മദിയ്യാ ജമാഅത്തിന്റെ ആതിഥ്യമര്യാദയിൽ ഞാൻ വളരെ ആകൃഷ്ടയാണ്. മനുഷ്യാവകാശങ്ങൾക്കുവേണ്ടി പ്രത്യേകിച്ചും പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്ന സ്ഥലങ്ങളിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ശ്രമങ്ങൾ ശ്ലാഘനീയമാണ്. വിജ്ഞാനരംഗത്ത് അഹ്മദിയ്യാ ജമാഅത്തിന്റെ സേവനങ്ങൾ സ്തുത്യർഹമാണ്.'

☆ പ്രസ്തുത സംഘത്തിലെ Event reportermb Kim Hanh Thi Le സാഹിബ തന്റെ അനുഭവങ്ങൾ ഇങ്ങനെ വിവരിച്ചു: 'ഇത്തരത്തിലുള്ള ജൽസ എന്റെ പ്രഥമ അനുഭവമാണ്. Caligraphyയും അറബി ഭാഷയെ കുറിച്ചുള്ള അവതരണവും എനിക്ക് വളരെ നല്ലതായും വിജ്ഞാനപരമായും തോന്നി.'

☆ സംഘത്തിലെ ഒരംഗം Judy Nguyen സാഹിബ പറയുന്നു: 'എനിക്ക് ഈ ജൽസ വിസ്മയിപ്പിക്കുന്ന അനുഭവമാണ്. യുവാക്കളും മുതിർന്നവരും ചെയ്ത അർപ്പണബോധത്തോടെയുള്ള നിസ്വാർഥസേവനങ്ങൾ അവിശ്വസനീയമായ ഒരു കാര്യമാണ്.'

☆ Event reporterായ ഒരു സംഘാംഗം Minh Tam Nelson പറയുന്നു: 'ജൽസ സാലാനയിൽ പങ്കെടുക്കുകയെന്നത് വളരെ വലിയ സൗഭാഗ്യമാണ്. സന്നദ്ധസേവകർ ഞങ്ങൾക്ക് ചെയ്ത സേവനവും ഞങ്ങളുടെ ഓരോ ആവശ്യത്തിലും ശ്രദ്ധ വെച്ചതും അത്യുന്നതവും ആകർഷണീയവുമായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായുള്ള കൂടിക്കാഴ്ച എല്ലാറ്റിനും മേലെയായിരുന്നു. ഞാൻ കണ്ടിട്ടുള്ള മതനേതാക്കന്മാരിൽവച്ച് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം വളരെ നല്ല സ്നേഹിതനും മൃദുല ഹൃദയനുമാണ്.'

☆ Mr.Mai-Ly Pham എന്ന സംഘാംഗം തന്റെ അനുഭവങ്ങൾ വിവരിക്കുന്നു: 'ജൽസയുടെ സംവിധാനങ്ങൾ വിസ്മയിപ്പിക്കുന്നതാണ്. ഇ

തിൽ പങ്കെടുക്കാൻ സാധിച്ചത് എനിക്ക് കിട്ടിയ ബഹുമതിയാണ്. മുസ്‌ലീംകളെ കുറിച്ച് പ്രത്യേകിച്ചും അഹ്മദിയ്യാ മുസ്‌ലീംകളെ കുറിച്ച് ഇവിടെ നിന്നും വളരെയധികം കാര്യങ്ങൾ പഠിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ നിസ്വാർഥ സേവനങ്ങളെ കുറിച്ചുള്ള അധ്യാപനങ്ങൾ നമ്മുടെ ബുദ്ധമതത്തിന്റെ അധ്യാപനങ്ങൾ പോലെയാണ്. അഹ്മദിയ്യാ ജമാഅത്തിന്റേയും ബുദ്ധമതത്തിന്റേയും ഇടയിലുള്ള സാമ്യതകൾ കണ്ട് ലോകം ചുരുങ്ങിവരുന്നതായാണ് തോന്നുന്നത്; കുടുംബങ്ങൾ വ്യാപിച്ചു വരുന്നു വെന്നും.'

☆ ഒരു സംഘാംഗം Wen Wah Chew പറയുന്നു: 'മഹാത്മാ ബുദ്ധന്റേയും അഹ്മദിയ്യാ ജമാഅത്തിന്റേയും അധ്യാപനങ്ങളുടെ അടിസ്ഥാനം ഒരേ പോലെയുള്ള കാര്യങ്ങളാണ്. മനുഷ്യാവകാശം, സ്നേഹം, കൂറ്, അനുകമ്പ ഉദാഹരണങ്ങളാണ്. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് പ്രത്യേകം നന്ദി രേഖപ്പെടുത്തുന്നു. അദ്ദേഹം തന്റെ വിലപ്പെട്ട സമയം ഞങ്ങൾക്കുതന്നു. നിസ്സംശയം അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫ മൃദുലഹൃദയനും വിനീതനും വിശുദ്ധനായ മനുഷ്യനുമാണ്.'

ഓരോ സംഘാംഗങ്ങളും ജമാഅത്തിന്‌വേണ്ടി ശുഭാശംസകൾ നേരുകയും ജൽസാ സംവിധാനങ്ങളെ പ്രശംസിക്കുകയും ഹുദൂറിന് നന്ദി രേഖപ്പെടുത്തുകയും ചെയ്തു. എല്ലാവർക്കും ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും കിട്ടി. ഈ കൂടിക്കാഴ്ച 8.30 വരെ നീണ്ടു നിന്നു.

**കനഡ സംഘത്തിന്റെ കൂടിക്കാഴ്ച:**

അതിനുശേഷം കനഡയിൽ നിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി

☆ കനഡയിലെ ഒരു പാർലമെന്റംഗം Mr.Ganett Genuis തന്റെ ബന്ധം പ്രതിപക്ഷപാർട്ടിയുമായിട്ടാണെന്നും മനുഷ്യവകാശങ്ങൾക്കുവേണ്ടി പ്രത്യേകമായി പ്രവർത്തിച്ചു വരുന്നുവെന്നും ഹുദൂറിനോട് പറഞ്ഞു. അൾജീരിയയിൽ പോകാൻ ആഗ്രഹിച്ചിരുന്നുവെന്നും വിസാ കിട്ടാത്തതിനാൽ പോകാൻ സാധിച്ചില്ലെന്നും തുടർന്ന് പറഞ്ഞു. തന്റെ പാർട്ടി ലീഡറിന്റെ സലാം ഹുദൂറിനെ അറിയിച്ചു. ഭരണകൂടങ്ങൾ ഇസ്‌ലാമിക് ഇക്ണോമിക് സിസ്റ്റം കൊണ്ടു വരുന്നത് ഏതു രൂപത്തിലായിരിക്കണമെന്ന് അദ്ദേഹം ഹുദൂറിനോട് ചോദിച്ചു:

അപ്പോൾ ഹുദൂർ പറഞ്ഞു: 'താങ്കൾ ഖലീഫത്തുൽ മസീഹ് രണ്ടാമന്റെ പുസ്തകമായ New World Order Of Islam വായിക്കുക. ഇത് വായിക്കുന്നത് മുഖേന ഇസ്‌ലാമിന്റെ സാമ്പത്തിക വ്യവസ്ഥിതി എന്താണെന്നുള്ളതിനെ സംബന്ധിച്ച് ഒരു രൂപം കിട്ടുന്നതാണ്. പ്രധാനമായും പലിശ അവസാനിപ്പിക്കേണ്ടത് അനിവാര്യമാണ്. ലോകത്തുനിന്ന് ഇപ്പോൾ പലിശ അവസാനിപ്പിക്കുക വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. എല്ലാ സ്ഥലത്തും ഇതുണ്ട്.'

☆ ബ്രഡ്ഫോർഡ് (Ontario)ലെ കൗൺസിലർ രാജ് സന്ദു സാഹിബും കനേഡിയൻ സംഘത്തിലുണ്ടായിരുന്നു. ഈ പ്രദേശത്ത് ജൽസക്കുവേണ്ടി കനഡ ജമാഅത്ത് 250 ഏക്കർ സ്ഥലം വാങ്ങിയിരുന്നു. 2008–ൽ കനഡ സന്ദർശനവേളയിൽ ഹുദൂർ ഈ സ്ഥലം സന്ദർശിച്ചിരുന്നു.

രാജ് സിന്ദു സാഹിബ് പറഞ്ഞു: 'ഞങ്ങൾ യു.കെ ജൽസയിൽ പങ്കെടുക്കാൻ കാരണം ഇവിടെ ജൽസ എങ്ങനെയാണ് നടത്തുന്നതെന്ന് വിലയിരുത്താനാണ്. കാരണം ബ്രഡ്ഫോർഡിൽ ജൽസ നടത്താൻ കനഡ ജമാഅത്ത് ആഗ്രഹിക്കുന്നുണ്ട്. ജൽസയുടെ സംവിധാനവും Volunteersനേയും കണ്ടിട്ട് ഇത്ര കുറഞ്ഞ സമയം കൊണ്ട് ഇത്ര വലിയ ജൽസ എങ്ങനെ നടത്താൻ സാധിച്ചു എന്നത് എന്നെ വളരെ അത്ഭുതപ്പെടുത്തുന്നു. ഞാൻ കനഡയിലും ജൽസകളിൽ പങ്കെടുക്കാറുണ്ട്. എന്നാൽ, ആ ജൽസ വളരെ ചെറുതാണ്. അഹ്മദിയ്യാ ജമാഅത്തിന് വിജയങ്ങൾ ലഭിച്ചു കൊണ്ടിരിക്കട്ടെ എന്നാണ് എന്റെ പ്രാർഥന. ഹുദൂറുമായി സംസാരിക്കാനും എനിക്ക് അവസരം കിട്ടി. ഞാനത് നല്ലവണ്ണം ഉപയോഗിച്ചു. ഒരു കാലത്ത് ഇതുപോലുള്ള ജൽസ സ്വന്തം സ്ഥലമായ ബ്രാഡ് ഫോഡിലും നടത്താനുള്ള അവസരം കിട്ടുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. നിങ്ങളുടെ ജമാഅത്തും ആ പ്രദേശത്തെ വാസികളും അതിൽ നിന്നും ഫലമെടുക്കും.'

☆ പീസ് വില്ലേജ്(വാൺ)ന്റെ കൗൺസിലർ Marilyn lafrate സാഹിബ ഹുദൂറിനോട് പറഞ്ഞു: 'താങ്കളുടെ ജമാഅത്തിലെ സ്ത്രീകൾ സമ്പൂർണരാണ്. വളരെയധികം പഠിച്ചവരും പ്രകാശിതരും(shining) അച്ചടക്കമുള്ളവരുമാണ്. ജൽസയിൽ പങ്കെടുത്തതിൽ എനിക്ക് വളരെ സന്തോഷം ഉണ്ടായി. ജൽസയുടെ രണ്ട് ദിവസവും എനിക്ക് വിജ്ഞാനപ്രദമായിരുന്നു. ജൽസയിൽനിന്നു വളരെ കാര്യങ്ങൾ ഞാൻ പഠിച്ചു. അതിഥികളുടെ പ്രഭാഷണങ്ങളും വളരെ നല്ലതായിരുന്നു. പ്രത്യേകിച്ചും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രസംഗങ്ങൾ ശ്രവിക്കുമ്പോൾ ഒരു സമാധാനം കിട്ടുന്നു. നമ്മൾ പത്രത്തിൽ കാണാറുള്ളതുപോലെ എല്ലാ മുസ്‌ലീംകളും ഇതു പോലെയല്ല. അവരിൽ ധാരാളം പേർ ശാന്തി സമാധാനത്തെ കുറിച്ചും സ്നേഹത്തെ കുറിച്ചും പഠിപ്പിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഞാൻ ഖലിഫത്തുൽ മസീഹിനെ വളരെ വിലമതിക്കുന്നു. ഇസ്‌ലാമിന്റെ സമാധാനത്തെ കുറിച്ചുള്ള അധ്യാപനങ്ങൾ വളരെ വിശദമാക്കി തന്നു.'

മെമ്പർ ഓഫ് പാർലമെന്റ് Ganett Genuis തന്റെ ജൽസാ അനുഭവങ്ങൾ വിവരിക്കുന്നു: 'അഹ്മദിയ്യാ ജമാഅത്ത് മനുഷ്യാവകാശങ്ങൾക്കുവേണ്ടി വളരെയധികം പ്രവർത്തിക്കുന്നുണ്ട്. പാക്കിസ്താൻ, അൾജീരിയ പോലെയുള്ള രാജ്യങ്ങളെ ഇക്കാര്യത്തിലേക്ക് പ്രത്യേകം ശ്രദ്ധിക്കാൻ ഞാൻ പറഞ്ഞിട്ടുണ്ട്. ജൽസ സാലാനയിൽനിന്ന് എനിക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാൻ അവസരം കിട്ടി. മനുഷ്യന്റെ അവകാശങ്ങൾ നല്ല രൂപത്തിൽ എങ്ങനെ നിർവ്വഹിക്കാൻ സാധിക്കുമെന്ന് അറിയാൻ കഴിഞ്ഞു. ഇവിടെ വിവിധ പരിപാടികളിൽ പങ്കെടുക്കുകയും വ്യക്തികളുമായുള്ള കൂടിക്കാഴ്ചയ്ക്കും ശേഷം ഒരു എം.പി. എന്ന നിലയിൽ ഇത്തരം പ്രശ്നങ്ങൾക്കെതിരെ നല്ലവണ്ണം പ്രവർത്തിക്കാൻ എനിക്ക് സാധിക്കുന്നതാണ്.'

കനഡ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 8.40 വരെ നീണ്ടു നിന്നു. തുടർന്ന് ഓരോരുത്തരായി ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്ത് സായൂജ്യരായി.

**ജമൈക്ക (Jamaica)സംഘവുമായുള്ള കൂടിക്കാഴ്ച:**

ഈ സംഘത്തിൽ ഒരു പത്രപ്രവർത്തകൻ, ഒരു പ്രസിദ്ധ കവി, Mutabaruka എന്ന ഒരു പ്രോഗ്രാമിന്റെ അവതാരകൻ എന്നിവരാണുണ്ടായിരുന്നത്.

☆ സംഘത്തിലുണ്ടായിരുന്ന ജേർണലിസ്റ്റ് ചോദിച്ചു: ഇസ്‌ലാം പൊളിറ്റിക്കൽ മതമാണോ?

ഹുദൂർ പറഞ്ഞു: 'ഇസ്‌ലാം ഒരു സമ്പൂർണ മതമാണ്. ഇതിൽ എല്ലാ കാര്യത്തേയും കുറിച്ചുള്ള മാർഗദർശനമുണ്ട്. നബി(സ)തിരുമേനി ഒരു രാജ്യത്തിന്റെ ഭരണാധികാരിയും ആയിട്ടുണ്ട്. എന്നാൽ, ഇക്കാലഘട്ടം അത്തരത്തിലുള്ളതല്ല. ഇക്കാലഘട്ടത്തിൽ മതം വേറെയാണ്. രാഷ്ട്രീയം വേറെയാണ്.'

സംഘത്തിലെ ഒരു അംഗം പറഞ്ഞു: പുരുഷൻമാരും സ്ത്രീകളും വെവ്വേറെ സ്ഥലങ്ങളിലായത് എനിക്ക് വല്ലാതെ തോന്നി!

ഹുദൂർ പറഞ്ഞു: 'ഞങ്ങൾ സ്ത്രീകൾക്ക് സ്വാതന്ത്ര്യം നൽകുന്നു. യഥാർഥത്തിൽ അവർ സ്വതന്ത്രമായി അവരുടെ പരിപാടികൾ സംഘടിപ്പിക്കുന്നു. റെക്കോർഡിംഗിനും വീഡിയോ ചെയ്യുന്നതിനും അവരുടെ ക്യാമറക്കാരുണ്ട്. അവരുടെ സെക്യൂരിറ്റി ടീമുകൾ ഉണ്ട്. തങ്ങളുടെ ഓരോ കാര്യങ്ങളും സ്വന്തം ഉത്തരവാദിത്വത്തോടെ ചെയ്യാൻ വിട്ടുകൊണ്ട് ഞങ്ങൾ അവർക്ക് സ്വാതന്ത്ര്യം നൽകിയിരിക്കുകയാണ്. ഞങ്ങളുടെ സ്ത്രീകൾക്ക് ഇതേ രീതിയാണ് ഇഷ്ടവും. ഇതിൽ അവർ വളരെ സന്തോഷവും സമാധാനവും അനുഭവിക്കുന്നു. നിങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടാകും, സ്ത്രീകളോടു ചെയ്ത പ്രസംഗത്തിൽ ഞാൻ പറഞ്ഞിരുന്നു, ഇസ്‌ലാം പറയുന്നത് പുരുഷൻമാരുടേയും സ്ത്രീകളുടേയും ഇടയിൽ ജോലികളിൽ വിഭജനം നിലനിൽക്കണമെന്നാണ്.

ഒന്ന്, division of labour- ആണ്. ഇരുവർക്കും വെവ്വേറെ കടമകളും ഉത്തരവാദിത്വങ്ങളുമാണ്. സ്ത്രീകളുടെ ഉത്തരവാദിത്വത്തിൽപെട്ടതാണ് കുട്ടികൾക്ക് ശിക്ഷണം കൊടുക്കുക എന്നുള്ളത്. അതേസമയം പുരുഷന്റെ ഉത്തരവാദിത്വമാണ് വീട്ടിലെ എല്ലാ ചെലവുകളും പൂർത്തീകരിക്കുകയെന്നത്. സ്ത്രീകൾ ഒട്ടും വേറിട്ടവരല്ല. ഒരേ വ്യവസ്ഥിതിയെ പിൻതുടരുന്നവരാണ് അവരും. ഞാൻ സ്വയം അവരുടെ ഇടയിൽ പോയാണ് പ്രഭാഷണം നടത്തിയത്.'

☆ മറ്റൊരതിഥി ചോദിച്ചു: ജമൈക്കാർക്കു വേണ്ടിയുള്ള താങ്കളുടെ പദ്ധതി എന്താണ് ?

ഹുദൂർ പറഞ്ഞു: 'ജമൈക്കക്കാർക്ക് മാത്രമല്ല, നമ്മുടെ പ്ളാനിംഗ് മുഴുലോകത്തിനും വേണ്ടിയുള്ളതാണ്. ഇസ്‌ലാമിന്റെ സമാധാനനിർഭരമായ അധ്യാപനങ്ങളെ ലോകമെങ്ങും വ്യാപിപ്പിക്കുകയെന്നുള്ളതാണ് നമ്മുടെ മിഷൻ.'

ജമൈക്കാ ടീമുമായുള്ള ഹുദൂറിന്റെ സംഭാഷണം 8.50 വരെ നീണ്ടു നിന്നു. ശേഷം ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്കു കിട്ടി.

**ഇർശാദെ നബ്‌വി(സ):-**

"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."

(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**

റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)

**ഇർശാദെ നബ്‌വി(സ):-**

"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."

(മുസ്‌ലിം)

**ത്വാലിബെ ദുആ:**

പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)

**ബെലിസ് (Belize)ടീമുമായുള്ള കൂടിക്കാഴ്ച:**

അതിനുശേഷം ബെലിസ് (Belize)ൽനിന്ന് വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. 4 പേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്; ബെലിസിന്റെ തലസ്ഥാനമായ Belmopan-ന്റെ മേയർ Khalid Belisle, എഫ്.എം. ടെലിവിഷന്റെ മാധ്യമ പ്രവർത്തകൻ, ഒരു പ്രോഗ്രാമിന്റെ അവതാരകൻ deborah seoul സാഹിബ്. മേയർ സാഹിബും ജൽസാ സംവിധാനത്തെ വളരെ ശ്ലാഘിച്ചു. വിശുദ്ധ ഖുർആൻ അല്ലാത്ത മറ്റൊരു ഗ്രന്ഥം എനിക്ക് വായിക്കാൻ പറഞ്ഞു തരിക എന്നും അദ്ദേഹം പറഞ്ഞു.

അപ്പോൾ ഹുദൂർ പറഞ്ഞു: 'താങ്കൾ ഇസ്‌ലാം മത തത്ത്വജ്ഞാനം എന്ന ഗ്രന്ഥം വായിക്കുക.'

Khalid Belisle തന്റെ പ്രതികരണങ്ങൾ വിവരിച്ചു: 'ജൽസ സാലാനയിൽ പങ്കെടുക്കുക എന്നത് വളരെ നല്ല അനുഭവം ആയിരുന്നു. ജമാഅത്തിലെ ഓരോ വ്യക്തിയും എന്നെ സേവിക്കുന്നതിൽ നിരതമാണെന്നാണ് എനിക്ക് തോന്നിയത്. ഈ അനുഭവം ഇസ്‌ലാമിനെ കുറിച്ച് കൂടുതൽ പഠിക്കാനുള്ള താൽപര്യം എന്റെ മനസ്സിൽ ഉണ്ടാക്കിയിരിക്കുന്നു. സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേയും പാഠവും കൊണ്ടാണ് ഞാനെന്റെ രാജ്യത്തേക്ക് മടങ്ങിപ്പോകുന്നത്. നിരന്തരമായി വിവിധ സ്ഥലങ്ങളിൽ ഇക്കാര്യം തന്നെയാണ് അവിടെ കാണപ്പെട്ടത്. ഒരു ബോട്ടിലിൽ ഇതെല്ലാം നിറച്ച് ഒപ്പം ബെലിസി (Belize)ലേക്ക് അവിടെത്തെ വാസികൾക്ക് കൂടി വിതരണം ചെയ്യാൻ കൊണ്ടു പോകാൻ എനിക്ക് സാധിച്ചിരുന്നെങ്കിൽ!'

അദ്ദേഹം തുടർന്നു: 'ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു ജൽസയുടെ സംവിധാനങ്ങൾ. എന്നെ ഇവിടെ സ്വാഗതം ചെയ്തതുപോലെ ഞാനിത് എന്നും ഓർക്കുന്നതാണ്. എന്നെ ഇവിടേക്ക് ക്ഷണിച്ചതിന് ഞാനെന്നും നിങ്ങളോട് കടപ്പെട്ടിരിക്കും. ഒരു ദിവസം ഞാൻ അതിഥി ടെന്റിൽ ഒറ്റക്കായിരുന്നു.അപ്പോൾ ചില സേവകർ എന്റെ അടുക്കൽ വന്നു. ഞാൻ പുറത്തുനിന്ന് വന്ന ആളായതുകൊണ്ടാണ് ഇവർ എന്റെയടുക്കൽ വന്നത് എന്നെനിക്കറിയാമായിരുന്നു. ഒരു പക്ഷേ ഞാൻ തനിച്ചാണ് എന്ന തോന്നൽ എനിക്കുണ്ടായാലോ? ഇക്കാര്യം എന്റെയുള്ളിൽ അഗാധമായ സ്വാധീനമുണ്ടാക്കി. ഇവിടെയുള്ള യുവാക്കൾക്ക് തങ്ങളുടെ അതിഥികളോട് എങ്ങനെ പെരുമാറണം എന്നു ഗ്രാഹ്യമുണ്ട്.'

ഒരു പത്ര പ്രവർത്തക Miss Debora Seoul സാഹിബ തന്റെ ജൽസ അനുഭവങ്ങൾ വിവരിക്കുന്നു: 'ജൽസയുടെ ഓരോ പ്രസംഗത്തിലും സമാധാനസന്ദേശമായിരുന്നു. ആദ്യത്തെ പ്രഭാഷണത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാം പറഞ്ഞത്, ഒരാളേയും തന്റെ ശത്രുവായി കരുതരുതെന്നും നിങ്ങളെ ശത്രുവായി കരുതുന്നവർക്ക് വേണ്ടി പ്രാർഥിക്കണം എന്നുമായിരുന്നു. ഇതെനിക്ക് വളരെ വലിയൊരു പാഠമായിരുന്നു. കൂടാതെ വനിതകളിൽ വിവിധ ജനവിഭാഗങ്ങളിൽ കണ്ട സാഹോദര്യബോധം എനിക്ക് വളരെ നന്നായി തോന്നി. പരസ്പരം സ്വഭാവ വൈശിഷ്ട്യത്തോടും സ്നേഹത്തോടും കൂടിയുള്ള ഇടപെടൽ കണ്ട് വളരെ സന്തോഷം തോന്നി. ഇത് മറ്റുള്ളവരോട് സ്നേഹവികാരത്തോടെ പെരുമാറാൻ എനിക്കു പ്രേരണ നൽകി. മൂന്നു ദിവസ ജൽസ നൽകിയ അനുഭവങ്ങൾ എന്നെ വിസ്മയിപ്പിക്കുന്നതാണ്.ഞാനിത് അവസാന ശ്വാസംവരെ ഓർത്തു വെക്കും.'

ബെലിസ് (Belize) മുബല്ലിഗ് എഴുതുന്നു: 'ഈ പത്രപ്രവർത്തക മടങ്ങി ഇവിടെയെത്തിയപ്പോൾ അവരുടെ മേൽ വിമർശനങ്ങൾ ഉയർന്നു. മുസ്‌ലീംകളുടെ ജൽസയിൽ പങ്കെടുക്കാൻ നിങ്ങളെന്തിന് പോയി എന്നതായിരുന്നു വിമർശനം. ഇതിന് മറുപടി എന്നവണ്ണം തന്റെ ഫേസ്ബുക്കിൽ അവർ എഴുതി: ഞാൻ ജൽസയിൽ 3 ദിവസം കഴിച്ചുകൂട്ടി.എന്നാൽ, ഒരു പ്രാവശ്യം പോലും ഇസ്‌ലാമിൽ ചേരുന്നതിനെ കുറിച്ച് എന്നോട് ഒരാളും ചോദിച്ചില്ല. ഞാൻ സുഖത്തിലാണോ എന്നും ഇവിടെ സന്തുഷ്ടയാണോയെന്നുമാണ് എന്നോടു ചോദിക്കപ്പെട്ടത്. ഞാൻ കൂടുതൽ സുഖത്തിലായിരിക്കാൻ വേറേ എന്തെങ്കിലും ആവശ്യമുണ്ടോ എന്നായിരുന്നു അന്വേഷണം. ഞാൻ പോയ സ്ഥലത്തെല്ലാം എന്റെ ഭക്ഷണപാനീയങ്ങളെ കുറിച്ചും സുഖത്തെപ്പറ്റിയുമാണ് ചോദിക്കപ്പെട്ടു കൊണ്ടിരുന്നത്. ഞാൻ മുസ്‌ലിമാകാൻ ഒരാളും എന്നോടു പറഞ്ഞിട്ടില്ല. മുമ്പേ പല ജൽസകളിലും കൺവൻഷനുകളിലും പോകാൻ എനിക്കവസരം കിട്ടിയിട്ടുണ്ട്. അവരുടെ ഉദ്ദേശ്യം സ്വന്തം മതത്തിലേക്ക് ആളുകളെ ചേർക്കുകയെന്നതായിരുന്നു. എന്നാൽ, ഇവിടെ തികച്ചും ഇക്കാര്യങ്ങളല്ല. മുപ്പത് വർഷമായി ഈ കമ്മ്യൂണിറ്റിയുമായി സുഹൃത്ബന്ധം ഉള്ളവരേയും ഞാൻ കണ്ടിരുന്നു. എന്നാൽ, ഇപ്പോഴും അവർ ഇതിൽ ചേർന്നിട്ടില്ല. മുസ്‌ലീംകളിലെ ഈ വിഭാഗം ആദരിക്കപ്പെടുന്നത് അവർ മനുഷ്യരാശിക്ക് സേവനം ചെയ്യുന്നു എന്നതു കൊണ്ടും സമാധാന സന്ദേശം ലോകത്തിന് നൽകുന്നു എന്നതുകൊണ്ടുമാണ്.'

ബെലിസ് (Belize) ജമാഅത്തിന്റെ ലജ്നാ പ്രസിഡന്റ് Olivia Dason നും ഈ സംഘത്തിലുണ്ടായിരുന്നു. അവർ ജൽസാനുഭവം വിവരിക്കുന്നു: 'വളരെ നല്ല രൂപത്തിൽ എനിക്ക് ഇവിടെ സ്വീകരണം നൽകി. ഞങ്ങളുടെ ഭക്ഷണത്തിൽ നിന്നും വ്യത്യസ്ഥമായിരുന്നു ഇവിടെത്തെ ഭക്ഷണം. എന്നിട്ടും ഭക്ഷണം നല്ലതായിരുന്നു. സേവനം ചെയ്തിരുന്ന വ്യക്തികൾ വളരെ നല്ലവരും പരിചയസമ്പന്നരും ആയിരുന്നു. എനിക്ക് വീടുപോലെയുള്ള അന്തരീക്ഷമാണ് തോന്നിയത്. ജൽസയിൽ പങ്കെടുത്തിന്റെ അനുഭവം വളരെ ഉന്നതമായിരുന്നു. ഈ പരിചയം എന്നന്നേക്കുമായി എന്നിൽ മാറ്റങ്ങൾ സൃഷ്ടിച്ചു. വിശിഷ്യ ഹുദൂർ ബയ്അത്ത് വാങ്ങിയപ്പോൾ എന്റെ കണ്ണുകൾ കണ്ണീർതൂകി. ഞങ്ങളുടെ സംഘം ഹുദൂറിനെ കണ്ടപ്പോൾ ഹുദൂറിനോടു സംസാരിക്കാൻ എനിക്ക് ധൈര്യം ഉണ്ടായിരുന്നില്ലെങ്കിലും വ്യക്തിഗതമായി ഹുദൂറിനെ കാണുകയെന്നത് എനിക്ക് ലഭിച്ച വളരെ വലിയ അംഗീകാരമായിരുന്നു. അഹ്മദി ആകുന്നതിന് മുമ്പേയാണ് ഈ ജൽസയിൽ പങ്കെടുത്തതെങ്കിൽ ഈ ജൽസ കാരണത്താൽ ഞാൻ അഹ്മദിയാകുമായിരുന്നു. ജൽസ സാലാനയുടെ ഈ ദിനങ്ങൾ ഒരിക്കലും എനിക്ക് മറക്കാൻ കഴിയില്ല.'

ബെലിസ് (Belize)സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച 8.55 വരെ നീണ്ടു. ശേഷം ഫോട്ടോ എടുക്കാനും ഭാഗ്യം കിട്ടി.

**ഐസ്‌ലന്റ് (Iceland)സംഘത്തിന്റെ കൂടിക്കാഴ്ച:**

തുടർന്ന് ഐസ്‌ലന്റ് (Iceland)ൽ നിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഈ സംഘത്തിൽ 6 പേർ ഉണ്ടായിരുന്നു.ഇതിൽ 2 പുതിയ അഹ്മദികളും മറ്റ് 4 അതിഥികളുമായിരുന്നു.

(1) ഐസ്‌ലാന്റിലെ Reykjavik പ്രദേശത്തെ മൾട്ടി കൾച്ചറൽ കൗൺസിൽ മെമ്പർ Tamila Gamez Garcell

(2) ചീഫ് ഇൻസ്പെക്ടർ, Ms Eyrun Eypors-dotteir

(3) Baldursdottir Akureyri യൂണിവേഴ്സിറ്റിയിലെ പോലീസ് സയൻസ് പ്രൊജക്ടിന്റെ മാനേജർ Mrs Rosamunda Jona

(4) ഐസ്‌ലാന്റ് യൂണിവേഴ്സിറ്റിയിലെ മാസ്റ്റേഴ്സ് ഡിഗ്രി വിദ്യാർഥിനി Ms Skulina Kristinsdottir സാഹിബ.

ഹുദൂർ പറഞ്ഞു: 'ഇവിടെയൊരു താൽക്കാലിക പട്ടണവും സംവിധാനവുമാണ് തയ്യാറാക്കപ്പെട്ടിരിക്കുന്നത്. എല്ലാ പ്രവൃത്തിയും സന്നദ്ധസേവകരാണ് ചെയ്യുന്നത്. ഇവിടെത്തെ വ്യവസ്ഥിതിയും സുരക്ഷിതത്വവും നിങ്ങൾ കണ്ടിട്ടുണ്ടാകും. പ്രവർത്തകർ ഈ ഉത്തരവാദിത്വങ്ങളെല്ലാം സ്വയം നിർവ്വഹിക്കുന്നു. പോലീസുകാരൊന്നും കൂടാതെ ഇത്രയും വലിയ സമ്മേളനത്തിൽ ശാന്തിയും സമാധാനവും നിലനിൽക്കുന്നു. പോലീസിന്റെ ആവശ്യം തന്നെ വേണമെന്ന് തോന്നുന്നില്ല.'

അപ്പോൾ അതിഥികൾ പറഞ്ഞു: 'ഞങ്ങളും അത്ഭുതപ്പെട്ടിരിക്കുന്നത് ഇതാണ്. ഇത്രയും വലിയ ജനക്കൂട്ടം. മഴയും പെയ്തു. അന്തരീക്ഷവും മോശമായിരുന്നു. എന്നിട്ടും ഒരുതരത്തിലുമുള്ള സുഖകരമല്ലാത്ത അവസ്ഥയോ മോശമായ കാര്യമോ ഉണ്ടായില്ല. എല്ലാ പ്രവൃത്തിയും വ്യവസ്ഥാപിത മാർഗത്തിലൂടെ നടന്നു കൊണ്ടിരുന്നു. ഈ മൂന്ന് ദിവസവും ഒരുതരത്തിലുള്ള വഴക്കോ കലഹമോ ഞങ്ങൾ കണ്ടിട്ടില്ല.'

ഹുദൂർ രണ്ട് പുതിയ അഹ്മദികളോടും ജൽസയെ കുറിച്ചുള്ള കാര്യങ്ങൾ ചോദിച്ചു.അവർ ഇരുവരും വളരെ സന്തോഷം പ്രകടിപ്പിക്കുകയും ജൽസയിൽ നിന്ന് വളരെയധികം കാര്യങ്ങൾ പഠിച്ചു എന്നും ഹുദൂറിനോടു പറഞ്ഞു.

വനിത അതിഥികൾ തങ്ങളുടെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് പറഞ്ഞു: 'ജൽസയുടെ ഈ അനുഭവം വളരെ വിസ്മയകരമാണ്. പ്രത്യേകിച്ച് ഒരു പ്രതീക്ഷയോടും കൂടിയല്ല ഞങ്ങളീ ജൽസയിൽ പങ്കെടുത്തത്. എന്നാൽ, തിരിച്ച് വീട്ടിലെത്തിയപ്പോൾ ഒരു പുതിയ മനുഷ്യനായിട്ടാണ് തിരിച്ചെത്തിയിരിക്കുന്നതെന്ന് ഞങ്ങൾക്ക് തോന്നി. പുതിയ മനുഷ്യനെന്നാൽ ഞങ്ങളുടെ മനസ്സ് വളരെ വിടർന്നു. മുമ്പത്തേക്കാൾ കൂടുതലായി മനുഷ്യത്വത്തെ വിലമതിക്കാൻ തുടങ്ങി. മറ്റുള്ളവരുടെ ജീവിതത്തിന്റെ ക്ഷേമത്തിനും ഉന്നമനത്തിനും വേണ്ടി ത്യാഗങ്ങൾ സമർപി

**ഇർശാദെ നബ്‌വി(സ):-**

"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

**ഇർശാദെ നബ്‌വി(സ):-**

അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കള്ളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."
(ബുഖാരി, മുസ്‌ലിം)

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ക്കുന്നവരെ ഞങ്ങൾ വിലമതിക്കുന്നു. ജൽസ സാലാനയിൽ മനുഷ്യത്വവും വിനയവും ജനങ്ങളോടുള്ള അനുകമ്പയും അല്ലാതെ മറ്റൊന്നും ഞങ്ങൾക്ക് തോന്നിയിട്ടില്ല. അഹ്മദികൾ ഇസ്ലാമിന്റെ യാഥാർഥ്യം ബോധ്യപ്പെടുത്തി തന്നു എന്ന് ഞങ്ങൾക്ക് പറയാൻ കഴിയുന്നതാണ്.

'ആളുകൾ ഞങ്ങളെ അന്യരെപോലെ നോക്കുമെന്ന ഒരു ആശങ്ക തുടക്കത്തിൽ ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ, സംഭവിച്ചത് നേരെ വിപരീതമാണ്. ഒരു സെക്കന്റ് പോലും ഞങ്ങളിവിടെ welcome ചെയ്യപ്പെട്ടില്ല എന്ന തോന്നൽ ഞങ്ങൾക്കുണ്ടായിട്ടില്ല. ഞങ്ങൾ ഹുദൂറിന്റെ വ്യക്തിഗത അതിഥികളായിട്ട് തോന്നിക്കും വിധമായിരുന്നു ഓരോ നിമിഷവും ഞങ്ങളോടുള്ള പെരുമാറ്റം നടന്നു കൊണ്ടിരുന്നത്. എല്ലാ സംവിധാനവും വിസ്മയിപ്പിക്കുന്നതായിരുന്നു. എല്ലാം അതതിന്റെ സ്ഥലത്തുണ്ടായിരുന്നു. ഞങ്ങൾക്കെപ്പോഴും ഞങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടി കിട്ടി; ചില ചോദ്യങ്ങൾ മറ്റുള്ളവർക്ക് uncomfortable ആയിരുന്നുവെങ്കിലും! പക്ഷേ, ഞങ്ങളുടെ ആതിഥേയരുടെ മറുപടികൾ തർക്കശാസ്ത്രമനുസരിച്ച് എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്നതായിരുന്നു. ഞങ്ങൾ ഇവിടെത്തെ ബാസാറിൽ പോകുകയും വിവിധ സംസ്കാരങ്ങളിലുള്ള വസ്ത്രങ്ങളും ഭക്ഷണങ്ങളും കാണുകയും ആസ്വദിച്ചും ആഹരിച്ചും കഴിയുകയും ചെയ്തു. പ്രസിദ്ധീകരണങ്ങളും ഹൃദയസ്പൃക്കായിരുന്നു. വർഷം തോറും വ്യാപിച്ചു കൊണ്ടിരിക്കുന്ന ഇത്തരത്തിലുള്ള സംവിധാനങ്ങൾ എങ്ങനെ സാധ്യമാണെന്ന് പല പ്രാവശ്യം ഞങ്ങൾക്ക് ആലോചിക്കേണ്ടി വന്നു.ഇത് തികച്ചും അത്ഭുതകരമാണ്.

'കുറച്ച് ചുറ്റിക്കറങ്ങാനുള്ള അവസരവും ഞങ്ങൾക്ക് കിട്ടി. ഇങ്ങനെ ജമാഅത്തിന്റെ മസ്ജിദുകളും മറ്റ് സുന്ദരമായ സ്ഥലങ്ങളും ഞങ്ങൾക്ക് കാണാൻ സാധിച്ചു. വളരെയധികം ആളുകളെ കാണാൻ സാധിച്ചു. ഹൃദയഹാരിയായ ചർച്ചകളും നടന്നു. മറ്റുള്ളവരുടെ നിർമാണാത്മകമായ അഭിപ്രായങ്ങളും ഇപ്രകാരം അറിയാൻ സാധിച്ചു.

'ഈ ജൽസയുടെ സുപ്രധാന ഭാഗവും ആതിഥേയരുടെ സീമാതീതമായ സന്തോഷത്തിന് കരണമായതും അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ഇമാമിന്റെ സാന്നിദ്ധ്യം ആയിരുന്നു. ഞായറാഴ്ച അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കാണാനും സാധിച്ചു. അപ്പോൾ സമയം കുറവായതുകൊണ്ട് ഞങ്ങളെ ഹ്രസ്വമായി പരിചയപ്പെട്ടു. ജൽസയെ സംബന്ധിച്ചുള്ള ഞങ്ങളുടെ പ്രതികരണവും അറിയാനാഗ്രഹിച്ചു. കൂടിക്കാഴ്ചയ്ക്കൊടുവിൽ ഞങ്ങളുടെ ഗ്രൂപ്പ്ഫോട്ടോയും എടുത്തു. എന്നാൽ, ഞങ്ങളുടെ (സ്ത്രീകൾ) ആഗ്രഹമായിരുന്നു സ്ത്രീകളുടെ ഫോട്ടോ ഹുദൂറിനോടൊപ്പം പ്രത്യേകം വേണമെന്നത്. ഈ അപേക്ഷയും ഇമാം ജമാഅത്ത് സ്വീകരിച്ചു. ഞങ്ങളെല്ലാവരും അദ്ദേഹത്തിന് നന്ദി പറയാൻ ആഗ്രഹിക്കുന്നു.'

mta INTERNATIONAL
WATCH LIVE
for children's classes, friday sermons, and more

ഈ കൂടിക്കാഴ്ച 9.05 വരെ നീണ്ടു നിന്നു. ശേഷം മുമ്പേ സൂചിപ്പിച്ചതു പോലെ ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യം അവർക്ക് കിട്ടി.

**ബെൽജിയൻ സംഘത്തിന്റെ കൂടിക്കാഴ്ച:**

ബെൽജിയൻ സംഘത്തിൽ 21 പുതിയ അഹ്മദികൾ ഉണ്ടായിരുന്നു. ഇതിൽ രണ്ട് പേർ മൊറോക്കോയിൽ നിന്നും ഒരാൾ നൈജറിൽ നിന്നും ഒരാൾ ഘാനയിൽ നിന്നും 5 പേർ സെനിഗാളിൽ നിന്നും 7പേർ ഗിനിക്രോക്രിയിൽ നിന്നും 5 പേർ ടോഗോയിൽ നിന്നും ഉള്ളവരാണ്.

ഹുദൂർ ക്രമത്തിൽ എല്ലാവരേയും പരിചയപ്പെട്ടു. ഇതിലെ 4 വ്യക്തികൾ അന്നേ ദിവസം ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടി എന്ന് ഹുദൂറിനെ അറിയിച്ചു.

☆ മിസിസ്.സീലാ കാതിയാതു സാഹിബ പുതിയ അഹ്മദിയാണ്. തന്റെ 4 മക്കളോടൊപ്പമാണ് അവർ ജൽസക്ക് വന്നത്. മിസിസ് സാഹിബ പറഞ്ഞു: 'ഞാനെന്റെ ജീവിതം മുഴുവൻ പഠിച്ചതിൽ നിന്ന് എത്രയോ അധികമാണ് ഈ മൂന്ന് ദിവസങ്ങളിൽ ഇവിടെ നിന്ന് പഠിച്ചത്. മഹിളകളോട് കുട്ടികളുടെ ശിക്ഷണത്തെ കുറിച്ച് ഹുദൂർ നൽകിയ പ്രഭാഷണം എന്നിൽ വളരെ സ്വാധീനം ചെലുത്തി. അന്തരീക്ഷം മോശമായതിനാൽ വളരെ ബുദ്ധിമുട്ടുകൾ ഉണ്ടായെങ്കിലും ഹജ്ജ് ചെയ്യാൻ വന്നതുപോലുള്ള അനുഭവമാണ് എനിക്കുണ്ടായത്. ഹജ്ജിന്റെ പ്രതിഫലം വളരെ വലുതാണ് എന്നതു പോലെ ഹജ്ജും വളരെ ബുദ്ധിമുട്ടിന് ശേഷമാണ് നിർവ്വഹിക്കപ്പെടുന്നത്.ഇതേപോലെ ഈ മൂന്ന് ദിനങ്ങളിൽ കാലാവസ്ഥ കാരണത്താൽ ചില ബുദ്ധിമുട്ടുകൾ ഉണ്ടായി. ഈ മൂന്ന് ദിനങ്ങളുടെ പ്രതിഫലം വളരെയധികമാണ്. അതുകൊണ്ട് തന്നെയാണ് എനിക്കിത് ഹജ്ജിന് വന്നതുപോലെ തോന്നി എന്ന് പറഞ്ഞത്.'

ബെൽജിയത്തിൽ നിന്ന് ഫാത്വിമത്തുൽ യൂസുഫ് സാഹിബ തന്റെ മക്കളോടൊപ്പമാണ് ജൽസയിൽ പങ്കെടുത്തത്. അവർക്ക് ബയ്അത്ത് ചെയ്യാനും ഭാഗ്യം കിട്ടി.അവർ പറഞ്ഞു:' ജൽസയുടെ ദിനങ്ങളിൽ പ്രത്യേകിച്ചും ഞങ്ങളുടെ ആത്മീയത പുരോഗതി പ്രാപിക്കുന്നതായി തോന്നി. ഹുദൂറിന്റെ പ്രഭാഷണങ്ങൾ ശ്രവിച്ചപ്പോൾ വളരെയധികം കാര്യങ്ങൾ പഠിക്കാൻ സാധിച്ചു. ഇൻശാ അല്ലാഹ്, ജൽസ കഴിഞ്ഞ് മടങ്ങി പോകുമ്പോൾ കൃത്യമായി ജമാഅത്തീ പരിപാടികളിൽ പങ്കെടുക്കുന്നതാണ്. ജമാഅത്തംഗങ്ങളുടെ നിസ്വാർഥ സേവനങ്ങൾ കണ്ടിട്ട് തിരിച്ചുപോയി എനിക്കും ഇതുപോലെ ജമാഅത്തിന് സേവനം ചെയ്യണമെന്ന് മനസ്സാഗ്രഹിക്കുന്നു. ജമാഅത്തിന് പ്രയോജനപ്പെടുന്ന വ്യക്തിയായിത്തീരണമെന്നും ഹൃദയം ആഗ്രഹിക്കുന്നു.'

ഈ സംഘത്തിലുള്ള മാത്തീനഗും സാഹിബ പറയുന്നു: 'ഞാൻ മുമ്പേയും ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. എന്നിട്ടും എനിക്ക് ഇപ്രാവശ്യത്തെ ജൽസയിൽനിന്ന് ധാരാളം കാര്യങ്ങൾ പഠിക്കാൻ അവസരം കിട്ടി. ഈ വർഷം രണ്ടാമത്തെ പ്രാവശ്യം എനിക്ക് ഹുദൂറിനെ കാണാൻ സാധിച്ചു. ഹുദൂർ നമ്മെ ഉപദേശിച്ച കാര്യങ്ങളിൽ സത്യവും യാഥാർഥ്യവും കാണാൻ കഴിയുന്നു. അതിൽ നിന്ന് വളരെ കാര്യങ്ങൾ ഞങ്ങൾ പഠിച്ചു. ഞങ്ങൾക്കിവിടെ കാണാൻ കഴിഞ്ഞ അന്തസ്സിന്റേയും സൽസ്വഭാവത്തിന്റേയും ഉന്നതനിലവാരത്തിൽ ഞങ്ങൾ വളരെ സന്തുഷ്ടരാണ്. മിസിസ് ബേലു സാഹിബ 4 കുട്ടികൾക്കൊപ്പം ജൽസയിൽ പങ്കെടുത്തു. അവർക്കും ബയ്അത്ത് ചെയ്യാൻ ഭാഗ്യം കിട്ടിയിരുന്നു. എന്നാൽ, അവരുടെ ഭർത്താവ് ബെൽജിയമിൽ രോഗിയാണ്. അതിനാൽ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യാൻ സാധിച്ചില്ല. മിസിസ് ബേലു സാഹിബ രണ്ടാമതും ജൽസയിൽ പങ്കെടുക്കാനുള്ള ആഗ്രഹത്തിലായിരുന്നു. എന്നാൽ, പിന്നീട് ഭർത്താവിന്റെ രോഗം കാരണത്താൽ യാത്ര ഒഴിവാക്കാൻ തീരുമാനിച്ചു.പക്ഷേ, ഇക്കാര്യം ഭർത്താവ് അറിഞ്ഞപ്പോൾ കുട്ടികളേയും കൂട്ടി ജൽസക്ക് പോകാൻ ശക്തമായി അവരെ പ്രേരിപ്പിച്ചു. ജൽസയിൽ പങ്കെടുത്ത് ഞങ്ങളുടെ വിശ്വാസത്തിന് കൂടുതൽ ശക്തി ലഭിച്ചു. ഇതു വാക്കുകളിൽ പ്രകടിപ്പിക്കാൻ ഞാൻ അശക്തയാണ്. എന്റെ ഭർത്താവിനും അഹ്മദിയ്യത്തിന്റെ മടിത്തട്ടിലെത്താൻ തൗഫീഖ് കിട്ടാൻ അല്ലാഹുവിനോട് ദുആ ചെയ്യാൻ അപേക്ഷിക്കുന്നു.'

മത്തി കസ്മാൻ സാഹിബ വിശദീകരിക്കുന്നു: 'ഈ ജൽസയിൽ പങ്കെടുക്കുന്നവർക്കുവേണ്ടി വെക്കപ്പെട്ടിട്ടുള്ള എല്ലാ അനുഗ്രഹങ്ങളിൽ നിന്നും സമ്പൂർണ്ണ ഫലമെടുക്കാൻ ഞാൻ ശ്രമിച്ചിരുന്നു. ആ അനുഭവം ഇപ്പോൾ മുതൽതന്നെ എനിക്കുണ്ടായിക്കൊണ്ടിരിക്കുന്നു. ഞാൻ എന്റെയുള്ളിൽ അതിനെ അനുഭവിക്കുന്നു.

ജനങ്ങളോടു ക്ഷമയോടും ഉന്നത സ്വഭാവഗുണങ്ങളോടും പെരുമാറലിന്റെ ഉദാത്ത അധ്യാപനങ്ങളാണ് എനിക്ക് ഈ ജൽസയിൽ നിന്ന് കിട്ടിയത്. കാരണം ഉന്നതനായ അല്ലാഹു ഈ ജൽസക്ക് എണ്ണമറ്റ അനുഗ്രഹങ്ങൾ നൽകിയിട്ടുണ്ട്. ഇതെല്ലാം ജൽസ സാലാനായുടെ തന്നെ അനുഗ്രഹങ്ങളാണ്.'

ബെൽജിയൻ സംഘവുമായുള്ള ഈ കൂടിക്കാഴ്ച 9.15വരെ നീണ്ടു നിന്നു. ശേഷം ഓരോരുത്തരായി ഹുദൂറിനോടൊപ്പം ഫോട്ടോ എടുത്ത് അനുഗൃഹീതരായി. കുട്ടികൾക്ക് ചോക്ളേറ്റും വിദ്യാർഥികൾക്ക് പേനയും വാൽസല്യത്തോടെ ഹുദൂർ നൽകി.

തുർന്ന് ജൽസാ ഗാഹിൽ ഹുദൂർ മഗ്രിബ് ഇശാഅ് ജംആയി നമസ്കരിപ്പിച്ചു. നമസ്കാര ശേഷം ഹുദൂറിന്റെ അനുമതിയോടെ മുബല്ലിഗ് ഇൻ ചാർജ് യൂ.കെ അത്വാഉൽ മുജീബ് റാശിദ് സാഹിബ് ചില നിക്കാഹുകൾ വിളംബരപ്പെടുത്തി. ഒടുവിൽ ഹുദൂർ ദുആ ചെയ്തു. ഹുദൂർ രാത്രി 10.15ന് ഹദീഖത്തുൽ മഹ്ദിയിൽനിന്ന് പുറപ്പെട്ട് ഒരു മണിക്കൂറിന് ശേഷം മസ്ജിദ് ഫള്ൽ ലണ്ടനിലെത്തി. ഹുദൂർ താമസ സ്ഥലത്തേക്കു മടങ്ങി. (തുടരും) (ബദർ പത്രം നവംബർ 30, 2017)

**(തർജമ അമീൻ മുഹമ്മദ് മാത്ര)**

AL ISLAM

**ഇർശാദെ നബ്‌വി(സ):-**

**"കുടുംബബന്ധം വിച്ഛേദിക്കുന്നവൻ സ്വർഗത്തിൽ പ്രവേശിക്കുകയില്ല."**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

**ഇർശാദെ നബ്‌വി(സ):-**

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."**
**(സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ *The Weekly* **BADAR** *Qadian*

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 08 March 2018 Issue-10

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

(പേജ് 1ൽനിന്ന്)

അത് അപ്പീൽ വകുപ്പിൽ നിന്ന് കാലഹരണപ്പെടുത്തിക്കഴിഞ്ഞിട്ടുള്ളതാണ്. പ്രതികൾ ദുഷ്ടത കൊണ്ട് അങ്ങയെ വഞ്ചിച്ചതാണ്. ഞാൻ ആ സമയംതന്നെ അപ്പീൽ വകുപ്പിന്റെ വിധി അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. അപ്പോൾ തഹ്സിൽദാർ താമസംവിന തന്റെ ആദ്യവിധി പിൻവലിച്ചു. കേസ് വിജയിപ്പിച്ചു.'

ഇതൊരു പ്രവചനമാണ്. ഹിന്ദുക്കളിലെ ഒരു സംഘവും പല മുസ്ലിംകളും അതിന് സാക്ഷിയാണ്. കേസ് തള്ളിയെന്നു പറഞ്ഞ് വളരെ സന്തോഷത്തോടെ എന്റെയടുത്ത് ഓടിവന്ന ആ ശരംപത്തും സാക്ഷിയാണ്. അൽഹംദുലില്ലാഹി അലാ ദാലിക്. അല്ലാഹുവിന്റെ പ്രവൃത്തി അത്ഭുതകരമായ ശക്തിപ്രഭാവംകൊണ്ട് വെളിപ്പെടുന്നു. ഈ പ്രവചനത്തിന്റെ എല്ലാ മഹത്ത്വവും അവനിൽനിന്നുണ്ടായി; നമ്മുടെ ഭാഗത്തുനിന്ന് ആരും ഹാജരായില്ല. തഹ്സിൽദാർ തെറ്റായ വിധി എതിർകക്ഷിയെ കേൾപ്പിച്ചു. യഥാർത്ഥത്തിൽ ഇതെല്ലാം ചെയ്തത് അല്ലാഹുവാണ്. അങ്ങനെയായിരുന്നില്ലെങ്കിൽ ഈ പ്രത്യേക മഹത്ത്വവും മാഹാത്മ്യവും പ്രവചനത്തിൽ ഒരിക്കലുമുണ്ടാകുമായിരുന്നില്ല.

**ദൃഷ്ടാന്തം 113:** *ശാത്താനീ തുദ്ബഹാനീ വ കുല്ലുമൻ അലയ്ഹാ ഫാൻ* എന്ന പ്രവചനം ബറാഹീനെ അഹ്മദിയ്യായിലുണ്ട്. അത് രണ്ട് ആട് അറുക്കപ്പെടും. ഭൂമിയിലുള്ളതൊക്കെയും അവസാനം നശിക്കുന്നതായിരിക്കും ഇന്നേക്ക് 25 വർഷം മുമ്പേ പ്രസിദ്ധീകരിച്ച ബറാഹീനെ അഹ്മദിയ്യായിൽ ഈ പ്രവചനം രേഖപ്പെടുത്തിയിരിക്കുന്നു. കാലങ്ങളായിട്ട് എനിക്ക് ഇതിന്റെ അർത്ഥം മനസ്സിലായിരുന്നില്ല. മറിച്ച്, പല സ്ഥലങ്ങളിലും അതിനെ യോജിപ്പിക്കാൻ പരിശ്രമിച്ചു. പക്ഷേ, മൗലവി സാഹിബ്സാദാ അബ്ദുല്ല ത്വീഫും ശേയ്ഖ് അബ്ദുർറഹ്മാനും അവരുടെ കാബൂളിലെ നിർഭാഗ്യനായ അമീറിന്റെ അന്യായമായ അക്രമം കൊണ്ട് വധിക്കപ്പെട്ടപ്പോൾ പകൽവെളിച്ചം പോലെ ആ പ്രവചനത്തിന്റെ സാക്ഷാത്കാരം ഈ രണ്ട് പുണ്യാത്മാക്കളാണെന്ന് പരസ്യമായി. കാരണം ശാത്തുൻ എന്ന പദം നബിമാരുടെ ഗ്രന്ഥങ്ങളിൽ കേവലം സ്വാലിഹ് മനുഷ്യനാണ് പറയപ്പെടുന്നത്. നമ്മുടെ മുഴുവൻ ജമാഅത്തിലും ഇതുവരെ പുണ്യാത്മാക്കളായ ഇവർ രണ്ടുപേരുമല്ലാതെ ആരും ശഹീദായിട്ടില്ല. നമ്മുടെ ജമാഅത്തിനു വെളിയിൽ ദീനും വിശ്വസ്തതയും നിഷേധിക്കപ്പെട്ടിട്ടുള്ളവർക്ക് ശാത്തുൻ എന്ന പദം യോജിക്കുകയില്ല. ഈ ഇൽഹാമിനോടൊപ്പമുള്ള രണ്ടാമത്തെ വാക്യം *ലാ തഹിനൂ വലാ തഹ്സനൂ* എന്നതാണ്. ഇതിൽനിന്ന് സ്ഥാപിതമാകുന്നത്, അത് നമുക്ക് വിഷമവും ദുഃഖവുമുണ്ടാക്കുന്ന മരണങ്ങളായിരിക്കുമെന്നാണ്. ശത്രു മരിക്കുകയാണെങ്കിൽ ആരും ദുഃഖിക്കുകയില്ലെന്നത് പ്രകടമാണ്. സാഹിബ് സാദ മൗലവി അബ്ദുല്ലത്തീഫ് ശഹീദ് ഇവിടെ ഖാദിയാനിലായിരുന്നപ്പോഴും അദ്ദേഹത്തെക്കുറിച്ച് ഈ ഇൽഹാമുണ്ടായി. *ഖുത്തില ഖയ്ബത്തുൻ വ സീദ ഹയ്ബത്തൻ* പ്രതീക്ഷിക്കാത്ത അവസ്ഥയിൽ എതിരാളികളാൽ വധിക്കപ്പെടുന്നതാണ്. അദ്ദേഹം വധിക്കപ്പെടുന്നത് വളരെ ഭയാനകമായിരിക്കും." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസാഇൻ, വാല്യം 22, പേജ് 272)

(പേജ് 2ൽനിന്ന്)

ഗ്രാമങ്ങളിൽ പോകുകയാണെങ്കിൽ treated വെള്ളം കുടിക്കാൻ ശ്രമിക്കുക. അല്ലെങ്കിൽ നിങ്ങൾ കുടിക്കുന്നത് തിളച്ചവെള്ളമാണെന്ന് ഉറപ്പുവരുത്തുക. ഇതിനുപുറമെ നിങ്ങൾ തദ്ദേശ ഭക്ഷണം കഴിക്കേണ്ടതാണ്. തദ്ദേശവാസികളും ജമാഅത്തുകളുമായി ഇഴുകിച്ചേർന്ന് നടക്കേണ്ടതാണ്.'

ഹുദൂർ തന്റെ ഒരു വ്യക്തിപരമായ സംഭവം വിവരിച്ചുകൊണ്ടു പറഞ്ഞു: 'ആഫ്രിക്കയിൽ താമസിക്കുന്നതിന്റെ നിലവാരം ഇപ്പോൾ വളരെ മെച്ചപ്പെട്ടുകഴിഞ്ഞിരിക്കുന്നു. പക്ഷേ, ഞാൻ അവിടെയായിരുന്നപ്പോൾ ഇടയ്ക്കിടെ എനിക്ക് വെളിയിലും ഉറങ്ങേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട് നിങ്ങൾക്ക് അവസരം കിട്ടുകയാണെങ്കിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും വെളിയിൽ ഉറങ്ങേണ്ടതാണ്.'

ഹുദൂർ ഈ മീറ്റിംഗ് അവസാനിപ്പിച്ചത് ഈ വാക്കുകളിലാണ്: ആഫ്രിക്കയിലെ ജനങ്ങൾ നിങ്ങളെ നോക്കുന്നതാണ്. അവർ നിങ്ങളുടെ മാതൃകകളനുസരിച്ച് നടക്കുന്നതാണ്. നിങ്ങൾ സുബ്ഹി നേരത്ത് കിടന്നുറങ്ങുകയാണെങ്കിൽ, സുബ്ഹി നേരത്ത് ഉറങ്ങുകയെന്നത് എല്ലാവർക്കും അനുവദനീയമാണെന്ന് അവർ ധരിക്കും. നിങ്ങൾ ഇപ്പോൾ മുറബ്ബിയാണ്. അതുകൊണ്ട് എപ്പോഴും ഓർക്കുക! അല്ലാഹു നിങ്ങളുടെ ഓരോ ചുവടും ഓരോ പ്രവൃത്തിയും നോക്കിക്കൊണ്ടിരിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ചുമതലകൾ വിശ്വസ്തതയോടും സത്യസന്ധതയോടുംകൂടി നിറവേറ്റാൻ ശ്രമിച്ചുകൊണ്ടിരിക്കുക.

**ഹുദൂറിന്റെ യുക്തിനിർഭരമായ വാക്കുകൾ:**

അന്നു വൈകുന്നേരം എനിക്ക് ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കിട്ടി. ഞാൻ ഹുദൂറിനോടു പറഞ്ഞു: 'ബ്രിട്ടനിലെ പ്രശസ്തനായൊരു മുസ്ലിം ഭീകരവാദി ആലിമിനെ ഭീകരവാദ പ്രവർത്തനങ്ങൾ കാരണത്താൽ ശിക്ഷിച്ചിരിക്കുന്നു. മാധ്യമങ്ങൾ നിരന്തരം നമ്മളുമായി ബന്ധപ്പെട്ടുകൊണ്ടിരിക്കുന്നു. നിങ്ങൾ ഇതിൽ സന്തുഷ്ടരും സംതൃപ്തരുമാണോ എന്ന് അവർ നമ്മളോടു ചോദിക്കുന്നു.'

നമ്മൾ സന്തുഷ്ടരാണെന്ന് ഹുദൂർ പറയുമെന്ന് എനിക്ക് ദൃഢവിശ്വാസമുണ്ടായിരുന്നു. കാരണം അയാൾ ഭീകരവാദിയായിരുന്നു. പക്ഷേ, ഹുദൂറിന്റെ മറുപടി അതിൽനിന്ന് വ്യത്യസ്തമായിരുന്നു. ഹുദൂർ ഇത്ര മനോഹരമായ മറുപടി നല്കുമെന്ന് എനിക്ക് സങ്കല്പിക്കാനെ കഴിഞ്ഞിരുന്നില്ല.

ഹുദൂർ പറഞ്ഞു: 'നമുക്ക് ഒരിക്കലും സന്തോഷിക്കാൻ കഴിയുകയില്ല. അയാളെ ശിക്ഷിച്ചതിന്റെ അർത്ഥം ഒരു മുസൽമാൻ രാജ്യനിയമങ്ങൾക്ക് വിരുദ്ധം പ്രവർത്തിക്കുകയും വിദ്വേഷവും ഭീകരവാദവും പ്രചരിപ്പിക്കുകയും ഇതെല്ലാം ഇസ്ലാമിന്റെ പേരിൽ ചെയ്യുകയും ചെയ്തു എന്നതാണ്. ഇന്ന് നമുക്കെങ്ങനെ സന്തോഷിക്കാൻ കഴിയും? ഈ വാർത്തയിൽ നമ്മളെങ്ങനെ സംതൃപ്തരാകാനാണ്?'

ഹുദൂർ വീണ്ടും പറഞ്ഞു: അയാളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്നു എന്നത്, തീർച്ചയായും നല്ല കാര്യമാണ്. ഇത് മറ്റു ഭീകരവാദികൾക്കും ഒരു മുന്നറിയിപ്പായിരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു; ഭീകരവാദത്തിലേക്ക് ചാഞ്ഞുകൊണ്ടിരിക്കുന്നവർക്കും. ഇസ്ലാമിന്റെ പരിശുദ്ധനാമം വീണ്ടും ഒരിക്കൽകൂടി ചീത്തയാക്കപ്പെട്ടു എന്നതിൽ നമുക്കൊരിക്കലും സന്തോഷിക്കാൻ കഴിയില്ല. ഈ വ്യക്തി, വിദ്വേഷം പരത്തി എന്നതിലും മറ്റു മുസ്ലിംകളേയും ഭീകരപ്രവർത്തനത്തിലേക്ക് പ്രേരിപ്പിച്ചിരുന്നു എന്നതിലും നമുക്ക് സന്തോഷിക്കാൻ കഴിയില്ല.'

2016 യു.കെ. ജൽസസാലാനയുടെ മുമ്പേയും ശേഷവും മൊത്തം രണ്ടാഴ്ചകളിൽ ഞാൻ ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ ആവർത്തിച്ചാവർത്തിച്ച് ദർശിച്ചുകൊണ്ടിരുന്നു. ഹുദൂർ വ്യക്തിപരമായ നിലയിൽ ആയിരക്കണക്കിന് അഹ്മദികൾക്ക് കൂടിക്കാഴ്ചയ്ക്ക് ഭാഗ്യം നല്കി. ജൽസസാലാനയുടെ മൂന്നു ദിവസവും ഹുദൂർ പ്രഭാഷണങ്ങൾ നടത്തി. വിദേശത്തുനിന്ന് വന്നെത്തിയ ധാരാളം സംഘങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഹുദൂർ പല മാധ്യമങ്ങളുമായി അഭിമുഖം നടത്തി. അതിനോടൊപ്പം വിവിധ ഭാരവാഹികൾക്കും ഉദ്യോഗസ്ഥർക്കും സന്നദ്ധസേവകർക്കും നിരന്തരം നിർദ്ദേശങ്ങൾ നല്കി. എല്ലാത്തിനേക്കാളുമുപരി ഹുദൂറിന്റെ വാക്കുകൾ ഹുദൂറിന്റെ സ്നേഹം ഹുദൂറിന്റെ വാത്സല്യം ഹുദൂറിന്റെ കരുണ എല്ലാ വിഭാഗമാളുകളേയും സ്പർശിച്ചു. ഖിലാഫത്തിന്റെ അനുഗ്രഹങ്ങൾ ഒരിക്കലും അവസാനിച്ചു പോകുകയില്ല. അതാണ് ആഗോളതലത്തിൽ കണ്ടുകൊണ്ടിരിക്കുന്നു. എപ്പോഴും കണ്ടുകൊണ്ടിരിക്കുകയും ചെയ്യും. (2018 ഫെബ്രുവരി 22, ബദ്ർ വീക്കിലി)

## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

## നന്ദിപ്രകടനവും ദുആയ്ക്കുള്ള അപേക്ഷയും:

ഈ വിനീതന്റെ ചെറിയ മകൾ അസീസ നഹാനവാബ് ധാക്ക യൂണിവേഴ്സിറ്റിയിലെ ഒരു കോളേജിൽ എം.ബി.ബി.എസ് ചെയ്തുവരികയാണ്. അല്ലാഹുവിന്റെ കൃപയും സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ ദുആയുടെ ബർക്കത്തുകൊണ്ടും അസീസ മൂന്നാം വർഷത്തെ പരീക്ഷയിൽ 76% മാർക്കു കരസ്ഥമാക്കി വ്യക്തമായ വിജയം കരസ്ഥമാക്കിയിരിക്കുന്നു. കുട്ടിയുടെ എം.ബി.ബി.എസിന്റെ അവസാന വർഷമാണിത്. ഇതിൽ വ്യക്തമായ വിജയത്തിനും കുട്ടിയുടെ ശോഭയാർന്ന ഭാവിക്കും ജമാഅത്തിന്റെ ഗുണത്തിനുംവേണ്ടി ജമാഅത്തംഗങ്ങളോടു വിനീതമായി ദുആയ്ക്ക് അപേക്ഷിക്കുകയാണ്. (ഖാരി നവാബ് അഹമദ്, മാനേജർ ബദ്ർ വീക്കില ഖാദിയാൻ)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin